LEAD KINDLY LIGHT

NEWMAN COLLEGE, THODUPUZHA

# അതിജീവനം

**Newman Voice**

2020-21

# COLLEGE ANTHEM

Lead, kindly Light, amid th'encircling gloom
lead Thou me on!
The night is dark, and I am far from home; lead Thou me on!
Keep Thou my feet; I do not ask to see
The distant scene; one step enough for me.
I was not ever thus, nor prayed that Thou shouldst lead me on;
I loved to choose and see my path; but now lead Thou me on!
I loved the garish day, and, spite of fears,
Pride ruled my will. Remember not past years!
So long Thy power hath blest me, sure it still will lead me on.
O'er moor and fen, o'er crag and torrent, till the night is gone,
And with the morn those angel faces smile, which I
Have loved long since, and lost awhile!
Meantime, along the narrow rugged path, Thyself hast trod,
Lead, Savior, lead me home in childlike faith, home to my God.
To rest forever after earthly strife
In the calm light of everlasting, life.

നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ
ചുറ്റിലും ഇരുൾ പരന്നിടുന്ന വേളയിൽ
അന്ധകാരപൂർണമായ രാത്രിയാണുപോൽ
എൻ ഗൃഹത്തിൽ നിന്നും ഏറെ ദൂരെയാണു ഞാൻ
നീ നയിക്കുക! സാദരം വിഭോ!
നിൻ പ്രകാശധാര തൂകി
നീ നയിക്കുക! നീ നയിക്കുക!
ഏറെ ദൂരെയുള്ള നല്ല കാഴ്ച കാണുവാൻ
അല്ല എന്റെ അർത്ഥനകൾ നിൻ വരത്തിനായ്
എന്റെ പാദമൊന്നു നീ നയിക്കിലെത്രയും
എന്റെ മാർഗ്ഗദീപമേ എനിക്കു തൃപ്തിയായ്
നീ നയിക്കുക! സാദരം വിഭോ!
നിൻ പ്രകാശധാര തൂകി
നീ നയിക്കുക! നീ നയിക്കുക!

## OUR HEAVENLY PATRON



St. JOHN HENRY CARDINAL NEWMAN

## OUR PATRON



**Mar George Madathikandathil**
Bishop of Kothamangalam

## OUR MANAGER



**V. Rev. Msgr. Dr. CHERIAN KANJIRAKOMBIL**

## OUR PRINCIPAL



**Dr. THOMSON JOSEPH**

## OUR VICE PRINCIPAL



**Rev. Dr. MANUEL PICHALAKKATTU**

## OUR BURSAR



**Rev. Fr. PAUL KARAKOMBIL**

## STAFF EDITORS



**Rev. Dr. MANUEL PICHALAKKATTU**
Head, Dept. of Malayalam



**Dr. BIJIMOL THOMAS**
Head, Dept. of English



**Dr. NEERADHA MARIA KURIAN**
Head, Dept. of Hindi



**Ms. SIBI MOHANAN**
Dept. of Malayalam

## STUDENT EDITORS



**ABIN JOLLY**
B.A History



**ALEX BENNY**
B. Com



**ANANDU G. KRISHNA**
B.Sc Chemistry



**ANUGRAH JAISON**
M.A Economics



**AROMAL V. SHAJI**
B. Sc Botany



**JOSWIN JOSE**
B. Sc Mathematics



**NOEL SUNNY**
B. Sc Zoology



**ANJU ANTONY**
B. Sc Physics



**ROSHNI B. KARIMPANIYIL**
B.A English



**SANDRA SAJEEVAN_**
B.A Malayalam



# ADIEU



**Dr. Joe Jacob**
Head, Dept. of Physics



**Dr. P.A. Jose**
Head, Dept. of Political Science



**Prof. Benny Mathew**
Head, Dept. of Physical Education



**Dr. Stephen Joseph**
Dept. of Botany



**Smt. Shali Joseph**
Lab Assistant



**Sri. Jose K.V.**
UDC



**Sr. Philomina V.U.**
Head Accountant



# MG UNIVERSITY RANK HOLDERS (PG)

**II Rank**



**BISMI NIZAR**
MA English

**IV Rank**



**GOPIKA R.**
M. Sc Physics

**VIII Rank**



**DELNA DANTY**
M. Sc Chemistry

**VIII Rank**



**ASWATHY SASIDJARAN**
M. Sc Mathematics

**IX Rank**



**SONA TITUS**
M. Sc Mathematics



# MG UNIVERSITY RANK HOLDERS (UG)

I RANK

ADHEENA SHIJI
B.Sc Botany

II RANK

K.R. POORNIMA
B.Sc Botany

II RANK

ALEENA JOHN
B.Com Computer Application

II RANK

AISWARIA BABU
B.Com Finance and Taxation

III RANK

ELSEENA THOMAS
B.Sc Botany

III RANK

KAVYA SAJI
B.Com Finance and Taxation

IV RANK

ASWATHY FRANCIS
B.Sc Botany

IV RANK

ABIN JOLLY
B.A History

IV RANK

ANU BENNY
B.Com Computer Application

V RANK

VISHNU K.B.
B.Sc Botany

V RANK

AMALA ROSE ABRAHAM
B.Com Finance and Taxation

VI RANK

ABIYA KURIAN
B.Sc Botany

VII RANK

MEERA MURALI
B.Sc Botany

VIII RANK

ANUPA K. BABU
B.Sc Botany

IX RANK

AROMAL V. SHAJI
B.Sc Botany

X RANK

ARYA UNNI
B.Com Finance and Taxation

X RANK

ANJU ANTONY
B.Sc Physics

X RANK

NAMITHA GOPAL
B.Sc Botany

UNIVERSITY TOPPER

NAMRATHA THOMAS



# മുഖമൊഴി

പ്രാണന്റെ വില എത്രയോ അധികമായി ഈ കോവിഡ് കാലം നമുക്ക് കാണിച്ചുതന്നു. രണ്ടാം തരംഗം പ്രിയപ്പെട്ട എത്രയോ ജീവനുകളാണ് നിഷ്കരുണം ഇല്ലാതാക്കിയത്. എത്രയോ ജീവനുകളാണ് വളരെ നിസ്സാരമായി അരികുവത്കരിക്കപ്പെടുന്നതും അവഗണിക്കപ്പെടുന്നതും. മനുഷ്യനുമേൽ വന്നു പതിക്കുന്ന ദുരന്തങ്ങളുടെയൊക്കെ പിന്നിൽ മനുഷ്യന്റെ തന്നെ കൈകളുണ്ടെന്നും പ്രാണന്റെ നിലനില്പിനും ശ്രേയസ്സിനും അഭികാമ്യമായ പ്രകൃതിയും ജീവജാലങ്ങളുമായി അറ്റുപോയ പൊക്കിൾക്കൊടി ബന്ധം വിളക്കിച്ചേർക്കുകയാണ് വേണ്ടതെന്നും ഇക്കാലം നമ്മെ ഓർമ്മപ്പെടുത്തുന്നു.

നടക്കുമ്പോൾ തെളിഞ്ഞു വരുന്നതാണ് പാതകൾ. പാതകൾ പലവിധമുണ്ട് ഭൂമി വരച്ച പാതകൾ, മൃഗങ്ങൾ നടന്നുണ്ടായ മാർഗങ്ങൾ, മനുഷ്യന്റെ കച്ചവടപ്പാതകൾ, യുദ്ധപ്പാതകൾ, തീർത്ഥാടകവഴികൾ, രഹസ്യ വഴികൾ ... നാട്ടുവഴികൾ, ഊടുവഴികൾ, പെരുവഴികൾ, തായ്‌വഴികൾ, ഗോളാന്തരപാതകൾ അങ്ങനെ പലതും .... പുറപ്പാടിന്റെ വഴികളല്ല, തിരിച്ചു വരുന്ന വഴികൾ. പാലായനങ്ങളുടെയും പോരാട്ടങ്ങളുടെയും അതിജീവനത്തിന്റെയും വഴികൾ. അതാണ് കഴിഞ്ഞ നാളുകൾ നമ്മെ പഠിപ്പിച്ചത്.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിന്ന് പരിമിതികളെ അവഗണിച്ച് തങ്ങളുടെ സർഗ്ഗസൃഷ്ടികളിലൂടെ ഈ മാസികയെ പ്രോജ്ജ്വലമാക്കിയ എല്ലാസുമനസ്സുകൾക്കും ഒരായിരം നന്ദി.

പത്രാധിപർ





# ഹോം പറഞ്ഞതും നമ്മൾ പൂരിപ്പിക്കേതും...



Mintamol Varghese
B.A English

ഓരോ വീടിനും ഒരു കഥ പറയാനുണ്ട്. ഹോം എന്ന സിനിമ ഒലിവർ ട്വിസ്റ്റിന്റെ വീടിന്റെ കഥയാണ്. അടുത്ത കാലത്ത് എന്നെ ഇതുപോലെ സ്വാധീനിച്ച ഒരു സിനിമയില്ല. കണ്ടിട്ട് ഒരാഴ്ച കഴിഞ്ഞെങ്കിലും ഈ സിനിമയെ കുറിച്ചുള്ള ഓർമ്മകൾ ഇതുവരെ എന്നിൽ നിന്നും ഇറങ്ങിപ്പോയിട്ടില്ല. ഒന്നുറപ്പാണ്. ഈ സിനിമ കണ്ട് തീരുമ്പോൾ സ്മാർട്ട് ഫോണിൽ നിന്നും മുഖമുയർത്തി നമ്മൾ നേരിൽ മിണ്ടാനും ഒന്നു കെട്ടിപ്പിടിക്കാനും ആഗ്രഹിക്കുന്നത് നമ്മുടെ അച്ഛനെയും അമ്മയേയും ആയിരിക്കും. ഇവരും കഥാപാത്രങ്ങളായി ആഭിനയിക്കാതെ ജീവിച്ചു കാണിച്ച ഇന്ദ്രൻസ് ചേട്ടനേയും മഞ്ജു ചേച്ചിയേയും മലയാള സിനിമ ഇതുപോലെ ഇനിയും പ്രയോചനപ്പെടുത്തുന്നത് ഞാൻ സ്വപ്നം കാണുകയാണ്. റോജിൻ തോമസിനും വിജയ് ബാബുവിനും നിറഞ്ഞ നന്ദി വീടിനെ വീടാക്കി മാറ്റിയതിന്.

നമ്മുടെയൊക്കെ വീടുകളിൽ അനുദിനം അരങ്ങേറുന്ന നിത്യസംഭവങ്ങൾ അതേപടി ഒപ്പിയെടുത്ത് സ്ക്രീനിൽ പകർത്തിയിരിക്കുന്നതായി ഈ സിനിമ കാണുമ്പോൾ നമുക്ക് തോന്നാം. കുറച്ചധികം വീടുകളില്ലെങ്കിലും കാണും മക്കളൊന്ന് അടുത്തിരുന്നെങ്കിൽ തുറന്നൊന്ന് സംസാരിച്ചിരുന്നെങ്കിൽ ഒന്ന് ചേർത്തു പിടിച്ചിരുന്നെങ്കിൽ കെട്ടിപ്പിടിച്ചൊരു ഉമ്മതന്നിരുന്നെങ്കിൽ എന്നൊക്കെചിന്തിക്കുന്ന ഒലിവർ ട്വിസ്റ്റിനെ പോലൊരു അച്ഛൻ, തന്റെ മനുഷ്യായുസ്സ് മുഴുവൻ കുടുംബത്തിനായി അദ്ധ്വാനിച്ച് തീർത്തിട്ട്, ഒരാളുടെ പോലും സന്തോഷത്തിനു മുമ്പിൽ വിലങ്ങു തടിയായി നിൽക്കാതെ തന്റേതായ ആഗ്രഹങ്ങളെയും ഇഷ്ടങ്ങളെയും ഉള്ളിൽ തന്നെ ഒരുക്കി സ്വയം ചുരുങ്ങുകയാണ് അച്ഛൻ.

സ്വന്തം വേദനകളെല്ലാം മറന്ന് മക്കളുടെ കാര്യം നോക്കുന്ന തമാശകൾ പറഞ്ഞും മറ്റുമൊക്കെ അവരെ ചിരിപ്പിച്ച്, തെറ്റുകൾ മുഖത്തുനോക്കി പറഞ്ഞ് പെട്ടെന്ന് പൊട്ടിത്തെറിച്ച് വേഗം ശാന്തയാകുന്ന കുട്ടിയമ്മയെപോലൊരമ്മ

അച്ഛന്റെയോ അമ്മയുടെയോ സാന്നിദ്ധ്യം ഒരു ദിവസം നമ്മുടെ വീട്ടിൽ നിന്ന് മാറുമ്പോൾ അറിയാൻ പറ്റും അവരുടെ വിലയും

*അവരുടെ ആവശ്യകതയും പേരുവയ്ക്കാതെ വാട്സാപ്പിൽ വന്ന ഒരു കുറിപ്പ് ഓർക്കുന്നു. അമ്മയെന്ന* വിളക്ക് അണഞ്ഞിട്ട് കുറച്ചു ദിവസങ്ങൾ കഴിഞ്ഞു. ബന്ധുക്കളും സുഹൃത്തുകളുമൊക്കെ ഓരോരുത്തരായി വീടുവിട്ട് ഇറങ്ങിക്കഴിഞ്ഞപ്പോൾ മനസ്സിലായി, വീടിനകത്ത് ആകെ അവശേഷിക്കുന്നത് അമ്മയുടെ മരണം സമ്മാനിച്ച ഒറ്റപ്പെടൽ മാത്രമാണെന്ന്.. ആകെ നിശബ്ദത മാത്രം തളം കെട്ടിനിൽക്കുന്ന വീട്. ആർക്കും ആരോടും ഒന്നും പറയാനില്ല.. മുറിയുടെ മൂലയിൽ കൂട്ടിയിട്ടിരുന്ന എന്റെ മുഷിഞ്ഞ വസ്ത്രങ്ങളുമായി അലക്കുകല്ല് ലക്ഷ്യമാക്കി നടന്നു. അന്നുവരെ ആ കല്ല് അത്ര അടുത്തു കണ്ടിരുന്നില്ല. വക്കുടഞ്ഞ ഒരു ബക്കറ്റെടുത്ത് വെള്ളം നിറക്കുമ്പോൾ ഒരു തോന്നൽ സോപ്പാണോ അതോ സോപ്പുപൊടിയാണോ ആദ്യം ഇടേണ്ടത്. ആരോട് ചോദിക്കാൻ. ഒരു ഉത്തരം കിട്ടാതെ, ഏറെ സോപ്പുപൊടിവിതറി പണിതുടങ്ങി. അലക്കുകല്ലിനോട് എന്തോ പൂർവ്വവൈരാഗ്യം വെച്ച് തല്ലുന്ന ശബ്ദം കേട്ടാവണം അയൽപക്കത്തെ ചേച്ചി ഓടി വന്നു.

വാത്സല്യത്തോടെ സഹായിക്കാം എന്നെന്നോട് പറഞ്ഞെങ്കിലും, സ്നേഹത്തോടെ ഞാനാ സഹായം നിരസിച്ചു. കാരണം ഇനി ഇതൊക്കെ ഞങ്ങൾ ചെയ്തു പഠിക്കേണ്ടേ. കുറച്ചു സമയം കുനിഞ്ഞ് നിന്ന് അലക്കിയപ്പോൾ നടുവിന് നല്ല വേദന തോന്നി. അമ്മയെ പെട്ടെന്ന് ഓർമ്മ വന്നു. എത്രവട്ടം പറഞ്ഞതാണ്. മോനേ, രണ്ട് കട്ടവെച്ച് ഈ കല്ലൊന്നു പൊക്കിവെച്ച് തരാൻ.. ഇപ്പോൾ ആണ് അമ്മയുടെ വേദന മനസ്സിലായത്. അന്ന് വിചാരിച്ചു ഇതിനൊരു കുഴപ്പവുമില്ല, അമ്മയ്ക്ക് വേറെ പണിയില്ലാത്തതു കൊണ്ട് ഓരോന്നു പറഞ്ഞു വരുന്നതാണെന്ന്. കടലെടുത്ത് കൊണ്ടുപോയ എന്റെ തീരമാണ് അമ്മ. കണ്ണുണ്ടായിരുന്നപ്പോൾ കണ്ണിന്റെ വില അറിയാതെ പോയി. ചെയ്തു നോക്കുന്നത് വരെ തിരിച്ചറിയാനാവാത്ത കഷ്ടപ്പാടുള്ള വേലയാണ് ഈ അച്ഛൻ. ജന്മവും അമ്മജന്മവുമെല്ലാം, അവരെപ്പറ്റിവാനോളം പ്രസംഗിക്കുകയും എഴുതികൂട്ടുകയും വായിച്ചു തീർക്കുകയും ചെയ്യുന്നതിനേക്കാൾ ഏറെ നല്ലത്. ഒരന്തിയും പകലും അവരുടെകൂടെ ആയിരിക്കുക ആയിരിക്കും. സൂര്യൻ ഉദിച്ച് ഉയരും മുമ്പ് തെളിയുന്ന നിലവിളക്കായി അമ്മയും പകൽ വെളിച്ചം മറയുമ്പോൾ തഴമ്പിച്ച കൈകളുമായി വീടണയുന്ന അച്ഛനും നമ്മുടെ നിത്യകാഴ്ച്ചയാണ്. ജീവിതത്തെപ്പറ്റി വളരെയേറെ വ്യാകുലപ്പെടുന്ന, മാതാപിതാക്കൾ പഴഞ്ചനാണെന്ന് കരുതുന്ന, അവരെ മനസ്സിലാക്കാൻ വൈകിപ്പോകുന്ന തിരിച്ചറിവിന്റെ അവസാനം അവരായിരുന്നു, എല്ലാമെന്ന് അംഗീകരിക്കുന്ന ആന്റണിയേയും ചാൾസിനേയും പോലുള്ള മക്കൾ നമ്മുടെ ഇടയിലുമില്ലേ?

വേദനയുടെ ഭാരവുമായി കടന്നുചെല്ലുമ്പോൾ സാരമില്ലെന്നു പറഞ്ഞു ചേർത്തു നിർത്തുന്ന, എല്ലാം ശരിയാകും എന്ന് പറഞ്ഞ് ആശ്വസിപ്പിക്കുന്ന ഏതു പാതിരാത്രിയിലും വിളിച്ച് സംസാരിക്കാൻ പറ്റുന്ന നമ്മ... വിജയം നമ്മളെക്കാൾ ഏറെ ആ... ഹിക്കുന്ന സന്തതസഹചാരി... ഒരു സുഹൃത്തും ഈ സിനിമ... ഭാഗമായിമാറുന്നുണ്ട്.

ഒടുവിൽ, സ്നേഹത്തി... തരംഗങ്ങൾ പായുന്ന ഒരിട... വീട്.. അതാണ് നമുക്കെല്ലാം, ... സമയം അഭയവും ആശ്രയ... അവിടെ എന്തും പറയാം, ... രൂപപ്പെടുന്നത് അവിടെയാണ്... വലിയൊരു തണലാണ് ആ ... ലിന് കീഴെയാണ് ബന്ധ... പൂത്തുലയുന്നത്.

ഇനി ഹോം ബാക്കിവെച്ച, ... പൂരിപ്പിക്കേണ്ടവയിലേക്ക്

അച്ഛൻ പഴഞ്ചനാ... ചിന്തതീർത്തും തെറ്റാണ് അമ്മ... അടുക്കളക്കപ്പുറത്തേയ്ക്ക... ലോകമുണ്ട്. സ്വന്തം കാര്യങ്ങ... ള്ളവരെ കഷ്ടപ്പെടുത്ത... ഒറ്റയ്ക്ക് ചെയ്യണം, ആത്മസ... ത്തിനെ ഒരിക്കലും നഷ്ടപ്പെ... ത്താതെ കാത്തുസൂക്ഷിക്ക... ഒടുവിൽ, നമ്മുടെ വീടിനൊരു... യമുണ്ടെന്ന് തിരിച്ചറിയണം. ... ലേത് തുറന്നുവെച്ചകണ്ണുക... യി.. നമുക്കൊപ്പം സ്നേഹ... സന്തോഷിച്ചും സങ്കടപ്പെട്ട... അങ്ങനെ അങ്ങനെ.. ... നാം റിലീസാകുന്നതിന് ... തന്നെ നമ്മെ കാത്തിരുന്നിടം ... മനോഹരമാണ്, അതിനുള്ളി... ആരും ആരേയും വേദനിപ്പിക്ക... രിക്കട്ടെ.



NEWMAN COLLEGE THODUPUZHA

# വിധി

എന്തേ മനുഷ്യാ നീ തിരയുന്നിന്നീ ദൈവത്തെയും

കൈവെടിഞ്ഞോ നിന്നെയുമിന്നീ വാഗ്ദാനലോകം

പുണ്യനദികൾ പേറുമീശരീരങ്ങളതിന് തെളിവോ

ഒടുവിൽ കുറ്റവും ദൈവത്തിന് എന്തേ നീ രക്ഷയേകീല

സർവ്വവും തൻ കാൽകീഴെയെന്ന് നിനയ്ക്കും മനുഷ്യനോ

കരുതി ഈ ശക്തി താൻ നിനയ്ക്കുംപോലാടും കോലമെന്ന്

മന്നവൻ മാനവൻ മല്ലിടും മാരിയും മഹാമാരിയും

ചേർന്നുകാർന്നു തിന്നുമീകുലത്തിൻ രക്ഷയെവിടെ

ഇനിയും പഠിച്ചില്ലെന്നാൽ പഠിക്കണം പ്രായഭേദമന്യേ

ഏവരും തങ്ങൾ പിന്നിട്ട വഴികളോതിയ സത്യങ്ങളെ

മറന്നില്ലേ നീ ചിലതതിനനുഭവിച്ചില്ലേ പലത്

തെറ്റിയ ചിന്താകളാശീർവദിച്ച വേദനയിലമരും

മനുജാ നിൻ സമയം വൈകിയിട്ടില്ലിനിയും

കരയേണ്ടപോൾ കരയു നിൻ കണ്ണുനീർ പാഴാക്കാതെ.



**Bibin Samuel**
**M.A English**



# കോവിഡ് നൽകിയ പാഠങ്ങൾ

കോവിഡ് വൈറസ് പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ മാസ്ക്കും സാനിറ്റൈസറും നമ്മുടെ നിത്യജീവിതത്തിൽ സ്ഥാനംപിടിച്ചുകഴിഞ്ഞു. ആരോഗ്യ പരിപാലനത്തിൽ ഒരുപടികൂടി ശ്രദ്ധ കൊടുക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയ മലയാളി സ്വന്തം പ്രതിരോധത്തിന്റെ മാർഗങ്ങൾ സ്വീകരിക്കുവാൻ നിർബന്ധിതരായി.

കൊച്ചുക്ലാസ്സുകളിൽ പഠിച്ച ശുചിത്വ പാഠങ്ങൾ പ്രാവർത്തികമാക്കാനുള്ള വേദി ലഭ്യമാകുകയും ചെയ്തു. ഒരുമിച്ച് ഒത്തുചേരാനുള്ള അവസരങ്ങളിൽ ആത്മസംയമനത്തോടെ മറ്റുള്ളവർക്കും അവനവനും വേണ്ടി വീട്ടിൽതന്നെ തുടർന്ന് സ്വയം പ്രതിരോധത്തിലൂടെ സമൂഹത്തിന് നന്മ ചെയ്യുന്നവരാകുവാൻ കോവിഡ് വൈറസ് വ്യാപനം മൂലം സാധിച്ചു. കുടുംബാംഗങ്ങൾ നമ്മിൽ കൂടുതൽ അടുക്കുവാനും ലോക്ഡൗൺ ഹേതുവായിത്തീർന്നു.

ഒപ്പം ഭവനങ്ങളിലിരുന്ന് പച്ചക്കറിത്തോട്ടവും പൂന്തോട്ടവും നിർമ്മിക്കുവാനും പ്രകൃതിയോട് കൂടുതൽ അടുക്കുവാനും കഴിഞ്ഞു. കോവിഡ് മൂലമുണ്ടായ പുതിയ ജീവിതക്രമവുമായി മനുഷ്യൻ പൊരുത്തപ്പെടുകയാണ്. പുതിയ ജീവിതശൈലികൾ വഴി കോവിഡിനെതിരെയുള്ള പോരാട്ടത്തി പങ്കാളികളാകുവാൻ ഓരോ ക്തിയും ശ്രദ്ധചെലുത്തേണ്ടത ണ്. കാരണം ഇത് മനുഷ്യ ക്കുവേണ്ടി മുഴുവനുള്ള നമ്മ ചെറുത്തുനിൽപ്പാണ്.



Princy Joy
BA Malayalam

NEWMAN COLLEGE THODUPUZHA

# മത്സരം

ഒരുപക്ഷി. അഞ്ച് നിറങ്ങൾ. കൊക്കുകളിൽ ഒലിവ് ഇലകൾ. കൂടിയ വേഗത്തിൽ, ഉയരത്തിൽ, കൃത്യതയിൽ, അത് ലോകം ചുറ്റിപ്പറക്കാറുണ്ട്; ഓരോ നാലാം വർഷത്തിലും.

രാജ്യങ്ങൾ നുരഞ്ഞുപൊങ്ങുന്ന ഉത്സാഹത്തോടെ പക്ഷിയെ കാത്തുനിൽക്കും, സ്വീകരിക്കാൻ വലിയൊരു കൂട്ടം തയ്യാറായി നിൽപ്പുണ്ടാകും, വരവാഘോഷിക്കാൻ; ഒറ്റയ്ക്കും കൂട്ടമായും വാനിലുയരന്ന് ചാടിയും, ചീറ്റയെപ്പോലെ പാഞ്ഞും, ആഴം തേടിയ മത്സ്യത്തെപ്പോലെ നീന്തിത്തുടിച്ചും. കൂടിനിന്നവര ഒന്നിച്ച് ആരവം മുഴക്കും.

നോക്കൂ. ഇത്തവണ നമ്മൾ വൈകി. എങ്കിലും അവർ പ്രതീക്ഷിച്ചുനിൽക്കുകയാണ്. ഒലിവ് ഇലകൾ അവളോടായി പറഞ്ഞു.

"അതെ. അവർ നമ്മളെ വല്ലാതെ സ്നേഹിക്കുന്നു."

"നീ കാണുന്നുണ്ടോ? ലക്ഷ്യത്തിനും മുൻപേ ചിലർ വീണു പോയി."

"എന്താണ് ലക്ഷ്യം ചങ്ങാതി? ലോകം ഒരിടത്ത് ഒത്തുചേരുന്നു, ഒരേ വികാരം പങ്കുവെക്കുന്നു. ഇതിനേക്കാൾ മഹത്തരമായി വേറെ എന്തു ലക്ഷ്യമാണുള്ളത്? വീണുപോയവർ എന്നും വീണു കിടക്കില്ലല്ലോ. കൂടിയ ശക്തിയോടെ അവർ മുന്നോട്ട് പൊയ്ക്കോളും."

"സത്യം. ആ ഒരുമയുടെ സാക്ഷ്യമല്ലേ പരസ്പരം സമ്മാനങ്ങൾ പങ്കുവച്ച് കെട്ടിപ്പിടിക്കുന്ന ആ യുവാക്കൾ."

"മനുഷ്യർ പരാജയം മറ്റൊരാൾക്ക് പങ്കു വയ്ക്കുന്നത് സഹജമാണ്. ഇന്ന് വിജയം പങ്കു വച്ച് ഇവരെന്നെ അത്ഭുതപ്പെടുത്തുന്നു."

"അതെ മിത്രമേ. മനുഷ്യർ



Sruthy KS
B. Sc Physics



പരസ്പരം വിജയിപ്പിക്കുന്നിടത്താണ് നമ്മൾ ജയിക്കുന്നത്. നീ ഇവിടേക്ക് നോക്കൂ. ഒരു വലിയ ജനത സ്വർണം തിളങ്ങുന്ന കണ്ണുകളോടെ ഒരു ജേതാവിനെ ശിരസ്സിലേറ്റുന്നു. എന്നാലിവർ തന്നെ മറ്റൊരു ജേതാവിനെ വംശമഹിമയുടെ പേരിൽ അധിക്ഷേപിച്ചു. ഇവരെ എന്ത് പറഞ്ഞു മനസ്സിലാക്കും?"

അവൾ മറുപടി പറയാൻ തുടങ്ങിയപ്പോൾ ഹൃദയത്തിൽ തിരയിളക്കം. ഇതിഹാസങ്ങളുടെ താളുകൾ മറിച്ച് ഒരു ബാലൻ തന്റെ കണ്ണുകൾക്കു നേരെ അസ്ത്രമെയ്യുന്നു. വേറൊരു യുവാവ് കറങ്ങിത്തിരിയുന്ന യന്ത്രമത്സ്യത്തിന്റെ കണ്ണുകളെ ഉന്നം വയ്ക്കുന്നത്, ലക്ഷ്യം കാണാൻ നിൽക്കാതെ മത്സരവേദി വിട്ടിറങ്ങിപ്പോകുന്നത്,

"നീ മറുപടി തരാത്തതെന്താണ്?"

അവർക്ക് മനസ്സിലാവില്ല ചങ്ങാതി. കാരണം അവര മനസ്സിൽ പറഞ്ഞു പഴക ഒരു കഥയുണ്ട്. അവ കാലം രണ്ട് വീരന്മാ നൽകി. ഒരാളെ അവർ നാക്കി; മറ്റേയാളെ അപ രിയും.

അവരാദ്യം ജാതി ചെ വിളിക്കും. കൂടി നിന്ന് അ ക്ഷേപിക്കും. എല്ലാത്ത മൊടുവിൽ മാറി നിന്ന് സം പിക്കും.

എനിക്ക് അഞ്ചു നിറ ണ്ട്, ശരീരത്തിന്റെ ഭാഗ വ. ഒരുപോലെ പ്രിയപ്പെ അതുപോലെ തന്നെ രുടെ മണ്ണും. എങ്കി കേവലം നിറങ്ങളുടെ പേ ണവർ തമ്മിലടിക്കുന്നത്. അവർക്കിനിയും സ ആവശ്യമാണ്.





# ഒരു നിത്യ പ്രണയം

നീയെന്റെ പ്രണയമെന്ന് കരുതി ഞാൻ
എന്നാൽ നിനക്ക് വേണ്ടത് സ്വാതന്ത്ര്യവും
എന്റെ പ്രണയസ്വപ്നങ്ങളിൽ
നിന്നുള്ള വലിയ സ്വാതന്ത്ര്യം
എങ്കിലും നീയെന്റെ പ്രണയം തന്നെ
തിരിച്ച് കിട്ടുമെന്ന് പ്രതീക്ഷിക്കാത്ത
തിരികെ കിട്ടണമെന്ന് വാശിപിടിക്കാത്ത
എന്നന്നേക്കുമുള്ള എന്റെ പ്രണയം
പെണ്ണിനെ പ്രേമിച്ച് തോറ്റുപോയവന്റെ
വിജയം പ്രതീക്ഷിച്ച് മുന്നോട്ട് നീങ്ങുന്ന
ഒരു വിരഹിയുടെ നിത്യപ്രണയം



Ratheesh Kumar
B. A Economics



# ചരിത്രം നിർമ്മിക്കുന്നവ

ഞാൻ ചരിത്രമല്ല, സാക്ഷിയാണ്; കൂട്ടക്കൊലയുടെ, തളം കെട്ടിയ ചോരയുടെ, അത് കുടിച്ച എന്റെ മണ്ണിന്റെ. ചീറിയടുത്ത വെടിയുണ്ടകളിൽ ചിലതേറ്റുവാങ്ങിക്കൊണ്ട്. നൂറു വർഷങ്ങൾ. തുളച്ചു കയറിയ വെടിയുണ്ടകൾ തീർത്ത വിടവുകൾ, ചുറ്റും നിറഞ്ഞ ഭീകരതകളെയും ഭരണാധികാരികളെയുമതിജീവിച്ച ഈ ചുവരും. ഇവിടേക്ക് വന്നൊരോ കണ്ണിലും ഈ തിരുശേഷിപ്പുകൾ കൊടുത്ത ഭാവം. അതെനിക്കേ മനസ്സിലാവൂ- ദുഃഖം, അമ്പരപ്പ്, ഭയം, അനുഭവിക്കുന്ന സ്വാതന്ത്ര്യത്തോടുള്ള നന്ദി.

ഇന്നിവർ എല്ലാം മാറ്റി; എല്ലാം. എന്റെ പാടുകൾ മറച്ച് രൂപം സുന്ദരമാക്കി, വിരുത് പ്രകടമാക്കുന്ന ശിൽപങ്ങൾ, വെള്ളവും വെളിച്ചവും ശബ്ദവും സമം ചേർത്ത മായാജാലങ്ങൾ. ഒരു കല്യാണമണ്ഡപം പോലെ, ഉത്സവനഗരി പോലെ. ഇക്കാലത്തിനിടയിൽ ഒരു ഭരണാധികാരിയും കാണിക്കാത്ത ധൈര്യം ഒരിടത്ത് ഒരു കവയിത്രി മരിച്ചപ്പോൾ കാവ് ആ ഭരണകൂടം വെട്ടിത്തെളിച്ച് സിമന്റിട്ടുറപ്പിച്ച് പുനരുദ്ധരിച്ചുവത്രേ. ഇവരും പുനരുദ്ധരിക്കുകയാണ്. ഇവർ, ചരിത്രം നിർമ്മി

ന്നവർ. ഭൂതവും ഭാവിയും ത
ളുടേത് മാത്രമാക്കണമെന്ന് (
ശാഠ്യം പിടിക്കുന്നവർ. ഇവർ
ശരിയായ ചരിത്രത്തെ പു
ണ്; സത്യത്തെ ഭയമാണ്.
ഷാണ്. ഇനിയാരും ഇ
കണ്ട് കരയില്ല; കാലത്തെ
തോൽപിച്ച സഹനസമരത്
നന്ദിപറയില്ല. ഈ മനോഹ
തയിൽ സ്വയം മറന്ന് മതി
(സന്ദർശകരുടെ സന്തോ
ണല്ലോ വലുത്). നാളെ ബി
മന്ദിരം അമ്യൂസ്മെന്റ് പാർ
കാലാപാനി റിസോർട്ടും ആ
ക്കാം. രാജ്ഘട്ടും ശാ
നവും അപ്രത്യക്ഷമാ

ാന്ധിയും നെഹ്റുവും ഭഗത് സിംഗുമൊക്കെ പുസ്തകങ്ങളിൽ നിന്ന് കീറിമാറ്റപ്പെടാം; അവരുടെ പ്രതിമകൾ വികൃതമാക്കപ്പെടാം.

അധിനിവേശാഗ്രഹികൾ ഒരുപോലെയാണ്; എന്നും എവിടെയും ഒരുപോലെ. അവരാദ്യം തകർക്കുന്നത് ചരിത്രവും ഭാഷയുമാണ്. അവർക്കറിയാം. കീഴടക്കൽ പൂർണമാകുവാൻ അതനിവാര്യമാണെന്ന്.

എങ്കിലുമവർക്കറിയില്ല, നിർമ്മിക്കപ്പെടുന്ന ചരിത്രത്തിന് പുസ്തകമാകാനേ സാധിക്കൂ എന്ന്. ഇന്നത്തെ ചെയ്തികൾ നാളത്തെ ചരിത്രമാണ്. ജാഗ്രതൈ.



Sruthy KS
B. Sc Physics





Aparna Venugopal
B.A English





# എ.ഡി. 2114

100 വർഷങ്ങൾക്ക് ശേഷം ഒരു മെയ്മാസ സായാഹ്നത്തിൽ അവൻ ഞെട്ടിയുണർന്നു. ഇത്രയും കാലം കഴിഞ്ഞിട്ടും തനി ക്കൊരു മാറ്റവുമില്ലെന്നത് അവനെ അത്ഭുതപ്പെടുത്തി. ചുറ്റും നോക്കിയപ്പോൾ, താനൊ ഴികെ എല്ലാം മാറിയിരിക്കുന്നു. അമ്പരപ്പിന്റെ, സംഭ്രമങ്ങളുടെ രാത്രിക്ക് വിരാമമിട്ട് പ്രഭാതം വിരി ഞ്ഞിറങ്ങി..

അടുത്ത നൂറ്റാണ്ടിലെ ലോകം കോളേജിലെ ആദ്യവർഷം ഈ വിഷ യത്തിൽ ഞാൻ ലേഖനം എഴുതി യിരുന്നു. മനുഷ്യൻ ഗ്രഹാന്തര യാത്രകൾ നടത്തുന്ന, കൃത്രിമ ബുദ്ധി വാഴുന്ന ഒരു robotic world. എന്നാൽ പുറത്ത് കണ്ട ഇന്ത്യ മറ്റെന്തൊക്കെയോ ആയിരുന്നു.

വഴിയിൽ വലിയ സ്നാനഘട്ടങ്ങൾ; ഉയർന്ന ജാതിക്കാർക്കെന്ന് പ്രത്യേകം എഴുതിവച്ചത് ശ്മശാനങ്ങളോട് ചേർന്ന് സതിയനുഷ്ഠിക്കാനുള്ള സജ്ജീകരണങ്ങൾ, അങ്ങിങ്ങായി അന്ത്യയാത്രയ്ക്ക് തയ്യാറെടുക്കുന്ന ബാല വിധവകൾ. ശുശ്രൂഷാലയങ്ങൾ, പ്രാർഥനാകേന്ദ്രങ്ങൾ, മന്ത്രവാദസങ്കേതങ്ങൾ എല്ലായിടത്തും രോഗികളുടെ നീണ്ട ക്യൂവാണ്.

യൂണിഫോം അണിഞ്ഞ് ഒരുമിച്ചിരുന്ന് ഹിസ്റ്ററിയും ജ്യോഗ്രഫിയും കണക്കും സയൻസുമൊക്കെ പഠിച്ച ക്ലാസ്മുറികളിൽ ഇന്ന് പൂണൂലണിഞ്ഞ കുട്ടികൾ മാത്രം; അവർ വേദപാഠങ്ങൾ ഉറക്കെ ഉച്ചരിക്കുകയാണ്.

കീശയിലെ smart phone കൈയിലെ digital watch എന്നു വേണ്ട ആധുനിക സയൻസിന്റെ എല്ലാ കണ്ടുപിടുത്തങ്ങളും അപ്രത്യക്ഷമായിരിക്കുന്നു. അന്വേഷിച്ചപ്പോൾ ഇതിഹാസങ്ങളിൽ പരാമർശിച്ചിരിക്കുന്ന രീതിയിൽ ഇവ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് അറിയാൻ

കഴിഞ്ഞു. മുന്നിൽ കാണുന്നത് കോളേജ് ആണ്. പൂക്കുവാൻ കവിതയും പ്രണയവും വിപ്ലവവും യുക്തിവാദവുമില്ലാത്ത ക്യാമ്പസ്. പല നിറങ്ങളിലുള്ള ചുവരെഴുത്തുകളില്ല, പല ചിന്തകൾ നിറഞ്ഞ മാഗസിനുകളില്ല, തുറന്ന ചർച്ചാവേദികളില്ല. ഓർമ്മയിൽ പിൻതലമുറക്കാൻ മറന്നുപേക്ഷിച്ചുപോയ കാടു മൂടിയ ശവക്കല്ലറ പോലെ പഴയ കലാലയം.

പഴയ Astronomy department ന്റെ സ്ഥാനത്തെ center for astrology 90-ാം ആം വാർഷികം ആഘോഷിക്കുന്നു. physics, chemistry, biology എന്നീ വിഷയങ്ങളെപ്പറ്റി ഇവിടെയാരും കേട്ടിട്ടില്ല. ഗോമൂത്രത്തിൽ നിന്ന് കാൻസർ മരുന്ന് കണ്ടുപിടിക്കുന്ന ഗവേഷണമാണ് research center ൽ നടക്കുന്നത്. ഇവർക്ക് സാഹിത്യമെന്നാൽ വേദാന്തമാണ്, കലയെന്നത് പൗരാണികമാണ്. എല്ലാവരും വേദമനുസരിച്ച് ജീവിക്കുന്നു. ബ്രാഹ്മണ പുരുഷന്മാർ വിദ്യ അഭ്യസിക്കുന്നു, പൗരോഹിത്യം സ്വീകരിക്കുന്നു, ജ്യോതിഷികളാകുന്നു. ക്ഷത്രിയ പുരുഷന്മാർ ആയോധനം പരിശീലിക്കുന്നു, വൈശ്യർ വ്യാപാരികളാകുന്നു. ശൂദ്രർ അടിമകളാണ്; അവരുടെ തൊഴികെ ബാക്കിയെല്ലാ സ്ത്രീകളും വീട്ടിൽ തളയ്ക്കപ്പെട്ടിരിക്കുന്നു.

പ്രാദേശികമായതെല്ലാം തുടച്ചുനീക്കപ്പെട്ടിരിക്കുന്നു- ഭാഷയും സംസ്കാരവും- മത്സ്യം, കുരു, അംഗം, പാടലീപുത്രം... എന്നിങ്ങനെ പഴയ സംസ്ഥാനങ്ങളെല്ലാം പുതിയ നാമങ്ങൾ സ്വീകരിച്ചിരിക്കുന്നു; നാമമെത്ര ക്ഷണികമാണല്ലേ ചരിത്രത്തിൽ സ്വാതന്ത്ര്യസമരമില്ല, അത് കൊതിച്ച അനേക തലമുറകളുടെ ത്യാഗമില്ല, മതേതര- ജനാധിപത്യ സോഷ്യലിസ്റ്റ് റിപ്പബ്ലിക് ആയി രാജ്യത്തെ വളർത്തിയ ഒരു ജനതയുടെ പ്രയത്നമില്ല, മണ്ണിലും വിണ്ണിലും വെള്ളത്തിലും രചിച്ച പുതിയ ശാസ്ത്രാദ്ധ്യായങ്ങളില്ല. പ്രദേശിക സമരങ്ങളില്ല, ത്രിവർണപതാകയില്ല, ഭരണഘടനയില്ല. രാഷ്ട്രപിതാവായി ഗോഡ്സെയും രാഷ്ട്ര നിയമമായി മനുസ്മൃതിയും കൊടികുത്തിവാഴുന്ന നാട്ടിൽ ചരിത്രവും ശാസ്ത്രവും അധികപ്പറ്റാണ്.

ശാസ്ത്ര ചർച്ചകളിലൊരിടത്തും എസ് എൻ ബോസോ, എം എൻ സാഹയോ, ഇ സി. ജി സുദർശനോ, സി.വി രാമനോ കടന്നുവരുന്നില്ല. പഴയ Indian Institute of Science സ്ഥാനത്ത് ജ്യോതിഷാലയം. ജ്യോതിഷത്തിൽ one d... workshop മുതൽ Ph... വരെയുണ്ടവിടെ. IIT ക... ഗോശാസ്ത്രത്തിൽ ഗവേഷ... ഗൗളി ശാസ്ത്ര ത്തി... fellowship പക്ഷിശാസ്... ത്തിൽ internship.

ശാസ്ത്രബോധമില്ല, ... സ്വതന്ത്ര ചിന്തയുമില്ല. എ... ശാസ്ത്രമെന്ന പദം മാത്രം ക... ഴിച്ചിട്ടില്ല. പക്ഷിയുടെ ... ശാസ്ത്രം ചേർത്താൽ പക്ഷി... സ്ത്രം, ഗൗളിയുടെ ... ചേർത്താൽ ഗൗളിശാസ്... ഇവർക്കെല്ലാം ശാസ്ത്രമാണ്...

ജ്യോതിഷമാണ് ... ഹത്തെ നയിക്കുന്നത്. ഇ... ജനങ്ങൾക്ക് ഉറങ്ങാനും ... രാനും പ്രണയിക്കാനും സ... ഷിക്കാനുമൊക്കെ മുഹൂർത്ത... ണ്ട്. സൂര്യതാപം കൂടുമ്പോ... കുറയുമ്പോഴും വഴിപാട്... ഗ്രഹണങ്ങളിൽ പ്രത്യേക ... ങ്ങൾ. ജ്യോതിഷി പറയു... ജനിക്കുന്നു, ജീവിക്കുന്നു, ... പറയും പോലെ തന്നെ ... ക്കുന്നു. ജ്യോതിഷം ക...





...സ്ത്രമാണെന്നും അത് ഇന്ത്യൻ ...ൽപന്നമല്ലെന്നും പണ്ടാരോ ...ഒന്നോട് പറഞ്ഞിരുന്നു.

എങ്ങും ആരാധനാലയ...ങ്ങൾ; സദാ തിരക്കിൽ. ശകുന...ദോഷം മുതൽ ചോവ്വാദോഷം ...വരെ. ഒരമ്പലം കുറഞ്ഞാൽ ...ത്രയും അന്ധവിശ്വാസം കുറ...ത്തു എന്ന് ചെവിയിലാരോ ...ചൊല്ലിയ പോലെ.

കണ്ടും കേട്ടും ഭ്രാന്ത് പിടി...ക്കുമെന്നായപ്പോൾ ഒരു ചരിത്രാ...ന്വേഷിയോടന്വേഷിച്ചു. അയാൾ ...പറഞ്ഞു.

...ിന്റെ വേഷവും ചോദ്യവും തന്നെ ...ഇതുവരെ ഉറങ്ങുകയായി...ുന്നു എന്ന് പറയുന്നു. നിന്നെ ...പോലെ ഉറങ്ങിയെണീറ്റവരിൽ ...ലരും ഭ്രാന്തന്മാരാണ്. അവർ ...യൻസ് ചരിത്രം, സ്വാതന്ത്ര്യം, ...തേതരത്വം, ജനാധിപത്യം എന്നി...ങ്ങനെ പുലമ്പുകയാണ്. ഇനി ...യാരിക്കൽ കൂടി ആ വാക്കുകൾ ...ച്ചരിച്ചാൽ നിന്നെയും ചങ്ങലക്കി...ടും. നമ്മൾ നമ്മുടെ പൗരാണികത...യിലേക്ക് തിരിച്ചെത്തിയിരിക്കുന്നു. ...ാ നോക്ക് പ്രാചീനഭാരതത്തിന്റെ ...അടയാളങ്ങൾ. ഇവിടെ യൂറോപ്യൻ ...യൻസോ അറേബ്യൻ ഗണി...തമോ നിനക്ക് കിട്ടില്ല; കണ്ട വിദേ...ശികളുടെ ചരിത്രവുമില്ല. ഇവിടെ ...ുള്ളത് കോടാനുകോടി വർഷം പഴക്കമുള്ള നമ്മുടെ സംസ്കാരമാണ്.

ഇത് പൗരാണികതയല്ല; പ്രാകൃതമാണ്. ഇന്ത്യയിൽ മാത്രമാണോ ഇങ്ങനെ?

ഒരു കാര്യം. ഇനി നീ ചോദ്യങ്ങൾ ചോദിക്കരുത്. ഇത് ഇന്ത്യയല്ല; ഭാരതമാണ് 100 കൊല്ലം മുൻപത്തെ ആ കറുത്ത കാലം ചരിത്രത്തിലില്ല, ആരും അതോർക്കുന്നില്ല. നവോത്ഥാനത്തിന്റെ അനേകം ഏടുകൾ താണ്ടിയാണ് നാമിവിടെ എത്തിയത്. പിന്നെ വിദേശികളുമായി നമുക്കൊരു ബന്ധവുമില്ല. ഞാൻ പറയുന്നത് കേട്ടാൽ നിനക്ക് സന്തോഷമായി ജീവിക്കാം. കുലത്തിനനുസരിച്ച് തൊഴിൽ നേടാൻ ഞാൻ നിന്നെ സഹായിക്കാം. നിന്റെ ഗോത്രമേതാണ്?

എന്റേത് മനുഷ്യഗോത്രമാണ്. നിങ്ങൾ പറയും പോലെ ജീവിക്കാനാവില്ല. എന്നെയും ചങ്ങലയ്ക്കിട്ടേക്കൂ.

ചങ്ങലയണിഞ്ഞ് സ്വന്തം കൂട്ടത്തിലേക്ക് പോകും വഴി ഉറങ്ങിക്കിടക്കുന്ന പലരെയും കണ്ടു. ഭാവിയിൽ അവരും വന്നുചേരും. വരട്ടെ; സംഘടിച്ചു ശക്തരാകും വരെ ക്ഷമിച്ചേ മതിയാകൂ.

കെട്ടുകഥകളിലും പുരാണങ്ങളിലും ചരിത്രത്തിന്റെ ചായം പൂശുന്ന, ദേശീയതയിൽ പൊതിഞ്ഞ കപടശാസ്ത്രവും പ്രബന്ധങ്ങളും നിറഞ്ഞ ശാസ്ത്ര കോൺഗ്രസുകളും, ചരിത്രത്തെയും ശാസ്ത്രത്തെയും ശ്വസം മുട്ടിച്ചു കൊല്ലുന്ന പാഠ്യപദ്ധതികളും, ജ്യോതിഷം പഠനവിഷയമാക്കുന്ന സർവകലാശാലകളും ഇനിയും ചോദ്യം ചെയ്യപ്പെട്ടില്ലെങ്കിൽ ലോകം നമുക്ക് മാപ്പ് തരില്ല.



**Sruthy KS**
**B. Sc Physics**



Bijimol Vinod
B.A Malayalam

# അതിജീവനം

മലയറ്റപുലയന്റെ
കൂരയ്ക്ക് കീഴിലും
ഒന്നിച്ചുമൊന്നായ്
നിൽക്കുന്ന മർത്ത്യനും
ഞാൻ ഇല്ല നീ ഇല്ല
അഹമെന്ന ഭാവമോ
ഒട്ടുമേ ഇല്ലാതെ
ഒട്ടിയ വയറിന്റെ
പട്ടണി നോവുകൊണ്ട്
പോരാടി മാനവർ
അതിജീവിക്കുന്നിതാ..





Vrindha S
B.A English

# ഗുരുവന്ദനം...



അക്ഷര മധുരമെൻ നാവിൽ പകർന്ന്
ജീവിതവീഥിയിൽ തിരിനാളമായിടും
സ്നേഹനിധികളാം ഗുരുനാഥർക്കെല്ലാം
നൽകുന്നു ഞാനെന്റെ സ്നേഹപ്രണാമം

സ്നേഹമായ്, കരുതലായ്, കാവലായ് നിൽക്കു
ആത്മചൈതന്യമാണെന്റെ ഗുരുനാഥൻ
എന്നുമെൻ ജീവിതവഴിയിലെ നിറവാർന്ന
ഓർമ്മകളാണെന്നും ഗുരുമുഖങ്ങൾ

നന്മതൻ പാതയിൽ വിജയം വരിക്കുവാൻ
കൃപയേകിയെന്നുമെൻ കൂടെയുണ്ടാകണേ
ജ്ഞാനം പകർന്നൊരാ ഗുരുജനങ്ങൾക്കെല്ലാം
വന്ദനം.. വന്ദനം നേരുന്നു ഞാൻ

Aleena Cha
B.A Mala









# തെരുവിലെ പെൺകുട്ടി

Devika Rajan
B.A English

ആഗസ്റ്റ് 14

കനത്തചൂടും ജലക്ഷാമവും രൂക്ഷമായി നിൽക്കുന്ന അവസ്ഥ, നഗരത്തിലൂടെ ഒരു പെൺകുട്ടി നടക്കുകയായിരുന്നു പിഞ്ചികീറിയ വസ്ത്രവും അലസമായി കിടക്കുന്ന മുടിയും, തളർന്ന കൈകാലുകളുമായി സ്വന്തം ശരീരവും ഏന്തിനടക്കുന്ന ബാലികയെ കണ്ട് ഞാൻ ദയനീയാവസ്ഥയിലായി. അവൾക്ക് വല്ലാതെ ദാഹിക്കുന്നുണ്ടെന്ന് അവളുടെ ഉണങ്ങിയ ചുണ്ടുകളും മുഖവും കണ്ടാൽ മനസിലാവും അവളെ സഹായിക്കാൻ വേണ്ടി ഞാൻ അടുത്തേക്ക് നടന്നു എന്തോ, എന്നെ കണ്ടതും അവൾ പെട്ടന്ന് നിന്നു. തനിക്ക് ആരുടെയെങ്കിലും സഹായം വേണമെന്ന് അവൾ ആഗ്രഹിച്ചിരുന്നു. ഞാൻ അവളെ അടുത്ത കണ്ട ടാപ്പിനരികിലേക്ക് കൊണ്ടുപോയി അവൾ എന്നോടൊന്നും സംസാരിക്കുന്നില്ല.

ആഗസ്റ്റ് 15

ഞാൻ ചോദിച്ചതിനൊന്നും അവൾ ഉത്തരവും തന്നില്ല. ദാഹം കൊണ്ട് അവളുടെ തൊണ്ട വല്ലാതെ ഒറച്ചിരുന്നു. ഞാൻ അവൾക്ക് ടാപ്പ് തുറന്നുകൊടുത്തു, മതിയാവുവോളം വെള്ളം കുടിച്ച് കൈകാലുകളും മുഖവും വൃത്തിയാക്കി അവളുടെ ശരീരത്തിൽ ഒരു ഊർജം കിട്ടിയതുപോലെ തോന്നുന്നു, അവൾ എന്നെ നോക്കി ചിരിച്ചു; എന്നിട്ടു പറഞ്ഞു 'വിശക്കുന്നു' എന്ന് അത്രമാത്രമെ അവൾ എന്നോട് സംസാരിച്ചൊള്ളു. അന്നം ചോദിക്കുന്നവനാരായാലും അവനെ തൃപ്തിപ്പെടുത്തണമെന്ന അമ്മയുടെ വാക്കുകൾ ഓർമ്മയിൽ വന്നു. ഞാൻ ഓർത്തു നിൽക്കവെ എന്റെ കൈയ്യിൽ

പിടിച്ച് അവൾ ഒന്നു കുലുക്കി. അടുത്തുള്ള ഹോട്ടലിൽ നിന്ന് അവൾക്ക് ഒരു പൊതിച്ചോറ് വാങ്ങികൊടുത്തു. അവൾ ഒന്നും സംസാരിക്കുന്നുണ്ടായിരുന്നില്ല.

ആഗസ്റ്റ് 16

ഞാൻ അവളോടും ഒന്നും ചോദിച്ചില്ല. ആർത്തിയോടെ അവളാഭക്ഷണം വാരിക്കഴിച്ചു. യാത്രപറഞ്ഞ് ഞാൻമ മടങ്ങവെ കുറച്ച് കാശ് അവൾക്ക് കൊടുത്തു. കാശ് വാങ്ങാൻ അവൾ കൂട്ടാക്കിയില്ല. നിർബന്ധിച്ച് ഞാൻ അത് അവൾക്ക് കൊടുത്തു. രണ്ടു കണ്ണുകളും അവളുടെ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. ഇടറിയ ശബ്ദത്തോടെ അവൾ പറഞ്ഞു; ഞങ്ങ

പോലുള്ളവരെ ആരും സഹായിക്കാറ്

നിങ്ങളുടെ മനസ് വളരെ നല്ലതാ

നിങ്ങളൊരു നല്ല മനുഷ്യനാണ്.

പെൺകുട്ടിയുടെ വാക്കുകൾ എ

ഹൃദയത്തെ വല്ലാതെ സ്പർശി

കൂടാതെ ചിന്തിപ്പിക്കുകയും ചെയ്

ഇന്നത്തെ സമൂഹത്തിൽ സഹായിക്കാ

തയ്യാറാവാൻ ആരുമി

സഹായിക്കാനുള്ള മനസ് എ

മനുഷ്യരിൽനിന്നും നഷ്ടമാ

ക്കൊണ്ടിരിക്കുന്നു.

# നല്ല നാളേയ്ക്കായി...

നല്ല നാളേയ്ക്കായി...



Irene David
B. Sc Zoology

കരിനിഴൽ വീഴ്ത്തി എങ്ങുമേ പോകയായ്
കരളിൽ തീ പാറുമാ വേദനയുമേകി
കരുതിയില്ല നാം ഈ വിപത്തിനെ
കരുതൽ ഇത്രമേൽ വേണ്ടുന്നൊരിക്കാലം

കണ്ണിനു കാണാൻ ആവതില്ല യീ കൊറോണയെ
കൊണ്ടാലോ അറിയുന്നതോ വൈകിയും
എവിടെയും കടന്നു കയറുമാ കരാളഹസ്തങ്ങൾ
ചോദിപ്പതില്ല അനുമതി ആരോടുമേ

ഒഴുകുന്ന കണ്ണീർ കാണാത്ത മിഴികളെ
തളരുന്ന കരങ്ങൾക്ക് ബലമാകാത്തവരേ
എന്തിനോ വേണ്ടി നെട്ടോട്ടം ഓടുമീ നിങ്ങൾ
ഓർക്കതില്ല ഈ ജന്മത്തിൻ ഹ്രസ്വത

കരുതലിൻ കരങ്ങൾ കോർക്കാൻ ഈ കാലം
അകലങ്ങൾ അകൽച്ചയാകാതെ നോക്കാം
കൂപ്പാം കരങ്ങൾ കരുത്തന്റെ മുമ്പിൽ
രക്ഷിപ്പതിനായ് ഭൂമിയെ കൊറോണയിൽ നിന്നും








Hari Vijay
B. Sc Mathematics



# ആ .... വാകമരച്ചുവട്ടിൽ



ജീവിതത്തിൽ ഓരോ നിമിഷവും എന്നിൽ ഉണർത്തുന്നത് നിന്റെ ഓർമ്മകൾ മാത്രമാണ്. അന്ന് ആ ഇടനാഴിയിലെ പൊട്ടിച്ചിരികളും ഫലിതങ്ങളും ഇന്നും ഞാൻ ഓർക്കുന്നു. ആ പുസ്കകത്തിന്റെ ഓരോ ഇതളുകൾ മറിക്കുമ്പോളും അവളുടെ കണ്ണുകൾ ഒരു മഴപോ ലെ പെയ്തുകൊണ്ടിരുന്നു. ചുണ്ടുകൾ വിതുമ്പി തൊണ്ടകൾ ഇടറി



**Anaha Mano**
**B. Sc Chemistry**

എന്തെല്ലാമോ ഓർത്തെടുക്കാൻ തി കുട്ടുമ്പോഴും ചുറ്റും കരിനിഴലുകൾ പൊതിഞ്ഞിരുന്നു. നനവാർന്ന ചിമ്മാതെ അവൾ പുസ്തകത്തി ഉറ്റുനോക്കി ഞാൻ ജീവിതത്തി മരണത്തിനുമിടയിലുള്ള നൂൽപ്പാലത്തി ഞാൻ നടന്നടുക്കുമ്പോഴും എന്റെ ഞാൻ പോലുമറിയാതെ പെയ്തിറ വസന്തം ആണ് എന്റെ ദിവ്യ. അനു വാങ്ങാതെ എന്റെ ഹൃദയത്തിലേക്ക് കടന്നുവ

നവൾ
യാത്രപോ
ല ു ം
പറയാനാകാതെ
ഞാൻ മടങ്ങുമ്പോൾ
അവളറിയണം എന്റെ
ജീവനും ജീവിതവും നീ
ആയിരുന്നു. ഞാൻ എന്നോടു

തന്നെ പലവട്ടം ചോദിച്ചു ഇനിയും എന്തിന്? ആ നടപ്പാതയിൽ വച്ചാണ് ഞാൻ അവളെ ആദ്യമായി കാണുന്നത്. കുട്ടിക്കുറുമ്പും കുസൃതിയും ആ നുണക്കുഴി കവിളിലെ പുഞ്ചിരിയും ആർക്കാണിഷ്ടമാവാത്തത്, ഞാൻ അവൾക്കുനേരെ ഒരു നിഷ്കളങ്കമായ പുഞ്ചിരി പാസാക്കി ആരും നോക്കിയില്ലെന്ന ഭാവത്തിൽ ലാഘവത്തോടെ അവൾ എന്നിൽ നിന്നും നടന്നകലുമ്പോഴും ആരോ വിളിച്ചെന്ന ഭാവത്തിൽ പാതിയിൽ അവളെന്നെ ഒന്നു തിരിഞ്ഞു നോക്കി. തികച്ചും വിചിത്രമെന്ന് പറയട്ടെ ലൈബ്രറിയിൽ നാമക്കൊപ്പം കണ്ട അവൾ എനിക്കൊരത്ഭുതമായി. തോന്നി നാജ്മ എന്റെ ഉറ്റ ചങ്ങാതി അവന്റെ പെങ്ങൾ, ഒരു വായാടി പെണ്ണ്, ഇക്ക എന്നു വിളിച്ചവൾ കഥ പറയാൻ തടുങ്ങി, നാജ്മയുടെ

വായ
ാടിത്തരങ്ങളെ ക്കാൾ
എന്നെ സ്വാധീനിച്ചത് എന്റെ കുട്ടിക്കുറുമ്പിയുടെ നുണക്കുഴി കവിളിലെ പുഞ്ചിരി മാത്രമാണ്. എന്താണെന്നറിയില്ല ദിവ്യ പിന്നെ എന്റെ ജീവിതത്തിന്റെ ഒരു ഭാഗം തന്നെയായി മാറി. ലൈബ്രറിയിൽ തുടങ്ങിയ ഞങ്ങളുടെ സൗഹൃദം കലാലയത്തിന്റെ ഓരോ ഇടനാഴിയും. ചുമർഭിത്തിയും എന്തിന് ആ വാകമരം പോലും സാക്ഷ്യം വഹിച്ചു. ക്ലാസ്സ്മുറികളും വരാന്തകളും ആ വാകമരച്ചുവടും എന്നും എനിക്ക് പ്രിയപ്പെട്ടതായി മാറി. പണ്ട് കോളേജിൽ പോകാൻ തന്നെ മടിപിടിച്ചിരുന്ന എനിക്ക് അവധിദിനങ്ങൾ പോലും വർഷങ്ങൾ പ്പോലെ ദൈർഘ്യമുള്ളതായി തോന്നി. ഒരു നിമിഷം പോലും അവളെ കാണാതിരിക്കാൻ

എനിക്ക് കഴിയില്ലായിരുന്നു അവളെ ഒന്ന് കാണാതിരുന്നാൽ എന്റെ ഹൃദയമിടിപ്പ് എന്തെന്നില്ലാതെ കൂടും കൂട്ടുകാർക്കിടയിൽ നിൽക്കുമ്പോഴും എന്റെ കണ്ണുകൾ അവളെ മാത്രമാണ് നേടിക്കൊണ്ടിരുന്നത്. വളരെ ചുരുക്കം ദിവസം കൊണ്ടു തന്നെ അവളെന്റെ മനസിൽ സ്ഥാനം പിടിച്ചിരുന്നു. ഒരുപാട് തവണ ഞാൻ അവളെ അത്ഭുതത്തോടെ നോക്കി നിന്നിട്ടുണ്ട്. ഇവളെങ്ങനെ ഇത്ര നിഷ്കളങ്കമായി സംസാരിക്കുന്നു. പെട്ടെന്ന് എന്റെ തലയിൽ എന്തോ അടിയേറ്റതായി തോന്നി. പിന്നീട് ഞാൻ കണ്ണു തുറന്ന് നോക്കുമ്പോൾ ആശുപത്രി കിടക്കയിലായിരുന്നു. അമ്മയും സഹോദരിയും അടുത്തിരിപ്പുണ്ട്. അവരുടെ മുഖത്തെ രീതി എന്നെ വല്ലാതെ ചിരിപ്പിച്ചു. ഞാൻ അമ്മൂട്ടിയുടെ തലക്കിട്ടങ്ങു കൊട്ടിയിട്ടു പറഞ്ഞു അയ്യേ ഏട്ടനൊന്നും ഇല്ലാടി. രാവിലെ കഴിക്കാത്തതിന്റെ ഒരു ബോധക്ഷയം, അത് കേട്ടതും അമ്മ അടുത്തിരുന്ന് വിങ്ങിപ്പൊട്ടി. അമ്മൂട്ടി എന്താ അമ്മ കരയുന്നത്? അവളെന്നെ ചേർത്തുപിടിച്ചു. അപ്പോഴും അവളുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. നേഴ്സ് കടന്നു വന്ന്, ആകാശ് ഡോക്ടർ വിളിക്കുന്നു. ഞാനും അമലും ഡോക്ടറെ കാണാൻ കയറുമ്പോൾ അവന്റെ മുഖത്ത് ഞാൻ ആ ഭയം കണ്ടിരുന്നു. ഡോക്ടർ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. ഒന്നും കേൾക്കാ എന്റെ മനസ് തയ്യാറായിരുന്നി എന്തൊക്കെയോ മൂളലുകൾ മാത്രമാണ് എ ചെവിയിൽ പതിഞ്ഞത്. ഒരു നിമിഷത്തേ എന്റെ മനസ് അഗ്നിപോലെ പടർന്നു. ഇ എന്ത് മരണത്തിന്റെ ദിവസങ്ങൾ എ നിസ്സഹായനായി നിൽക്കുവാനല്ലാതെ ഇ എനിക്കൊന്നും ചെയ്യാൻ സാധിക്കില്ലാ എന്ന് സ്വയം ഓർത്തു. അച്ഛൻ മരി കുടുംബം കരകയറിയിട്ടില്ല അമ്മൂട്ടിയുടെ ഭ ഞാൻ പറയാതെ പറയാൻ കൊതിച്ച എ പ്രണയം. എല്ലാം തകർന്നു, എന്ന് മനസ് വിതുമ്പിക്കരഞ്ഞ് ഒന്നും സംഭവിച്ചിട്ടില്ല മട്ടിൽ തകർത്തഭിനയിക്കാം. അമൽ ഇതാരോടും പറയരുത്. ആരുടെ സഹതാപത്തിന്റെ കണ്ണുകൾ എന് പതിക്കരുത്. ഇനിയുള്ള ഈ ചുരുക്കം ദിനം എനിക്ക് സന്തോഷത്തോടുകൂടി ജീവിക്ക അന്നൊരു വാലൻ്റൈൻസ് ഡേ പതിവിലും സുന്ദരിയായിരുന്നു. ഞാനും അ റഷഅമ്യം റഷീദും ആ വാകയുടെ തണ ഇരിക്കുമ്പോൾ ഒരു ചുവന്ന റോസാപ്പൂവു അവൾ എന്നരികിലേക്ക് ഓടി എത്തിയ എന്റെ മനസ്സിൽ പേടിയായിരുന്നു. നടുക്കട മുങ്ങിക്കൊണ്ടിരിക്കുന്ന വഞ്ചിയാണ ഞാൻ, പക്ഷേ പ്രതീക്ഷക വിപരീതമാ നട വിടെ ദിവ്യ റോസ അമലി

നീട്ടിയപ്പോൾ മനസ്സൊന്നാളി അപ്പോഴും മുഖത്തെ പുഞ്ചിരി കൈവെടിഞ്ഞില്ല.എന്തുചെയ്യണമെന്നറിയാതെ അവൻ എന്റെ മുഖത്തേക്ക് നോക്കിയപ്പോൾ അവൻ ആ ദിവ്യ എന്ന് പറയാൻ തുടങ്ങിയപ്പഴേക്കും ഞാൻ അവന്റെ സംസാരത്തിന് തടങ്കലിട്ടു. നായയുടെ വരവ് അമൽ എന്നെ മാറ്റി നിർത്തി ചോദിച്ചു. നീ എന്താ കാണിക്കുന്ന അവൻ എന്നോടു ചോദിച്ചു. ഇനിയും എന്തിന് ഞാൻ ദിവ്യയെ സ്നേഹിക്കുന്നതിനെക്കാൾ കൂടുതൽ നിനക്കവളെ സ്നേഹിക്കാൻ പറ്റും, നെഞ്ച് പൊടിയുന്ന വേദനയോടെ ഞാൻ പറഞ്ഞു തീർത്തു. എന്റെ അവസാനത്തെ ആഗ്രഹം എന്ന നിലയിൽ എനിക്ക് നീ അവളുടെ കഴുത്തിൽ താല ചാർത്തുന്നത് കാണണം. അവൻ ഒന്നും മിണ്ടാതെ എന്റെ തോളിൽ തട്ടി. നാട്ടിലെ മുന്തിയ പ്രമാണിമാരായതിനാൽ വിവാഹത്തിന് അതികം താമസം വന്നില്ല. അമൽ ദിവ്യയുടെ കഴുത്തിൽ താലി ചാർത്തിയ ആ നിമിഷം ജീവൻ പോയെങ്കിൽ എന്നു ഞാൻ ഓർത്തു പോയി. പുസ്തകത്തിന്റെ അവസാന ഭാഗത്ത് ദിവ്യ നീ എന്റെതാണ് " എന്റെ മരണത്തിന് പോലും നിന്നെ എന്നിൽ നിന്ന് വേർപ്പെടുത്താനാകില്ല. നിന്നോടുള്ള എന്റെ സ്നേഹം അത്രത്തോളം ദൃഢമാണ്. ദിവ്യ എന്ന വിളി അവളെ ചിന്തികളിൽ നിന്നും ഉണർത്തി കണ്ണുകൾ തുടച്ചു. ചായ കുടിക്ക് മോളെ അമ്മ പറഞ്ഞു. അവൻ പോയതിൽ പിന്നെ ആരും ഈ മുറിയിലേക്ക് കയാറാറില്ല. ഇവിടത്തെ ഓരോ പുസ്തകങ്ങളിലും അവന്റെ ഓർമകളുണ്ട്. ചായ കുടിച്ചതായി നടിച്ച് അവൾ പെട്ടെന്നു തന്നെ മടങ്ങി. ആ കലാലയത്തിലെ ഇടനാഴികളിലൂടെ വീണ്ടും അവൾ നടന്നു. ആ ലൈബ്രറിയിലെ പുസ്തകങ്ങളെ അവൾ മാറോടു ചേർത്തു വാക ഇതാ വീണ്ടും പൂത്തിരിക്കുന്നു. ആ വാകമരച്ചുവട്ടിൽ ഇരുന്ന് അവൾ ആരോടെന്നില്ലാതെ പിറുപിറുത്തു ഞാൻ എന്നത്തെയും പോലെ അന്നു കുസൃതി കാട്ടിയതല്ലേ, നിന്റെ സ്നേഹം ആ നിമിഷം നീ തുറന്നു പറഞ്ഞിരുന്നെങ്കിൽ എന്ന് ഞാൻ വല്ലാതെ കൊതിച്ചിരുന്നു. നിന്നോടുള്ള വാശിക്ക് അന്ന് വാക്ക്കൊടുക്കുകയും വീട്ടിൽ സമ്മതം മൂളിയെങ്കിലും അവസാന നിമിഷം വരെ നീ എന്റെതാണെന്ന് പറയും എന്നു ഞാൻ കരുതി. അമൽ ചേട്ടൻ എന്നും എന്റെ നല്ലൊരു സുഹൃത്ത് മാത്രമായിരുന്നു. ഇത്രയേറെ സ്നേഹം മനസിൽ ഒളിപ്പിച്ച് നീ എന്തിന് എന്നെ തനിച്ചാക്കി. നിന്റെ പെണ്ണായി നിന്നോടൊപ്പം ജീവിക്കാൻ ഞാൻ ഒത്തിരി കൊതിച്ചതാണ്. ഇന്ന് നീ എന്നോടൊപ്പമില്ല. എന്നാൽ നിന്റെ ഓർമകൾ എന്നും എന്റേത് മാത്രമാണ് നീ എന്നും എന്നും എന്റേതുമാത്രമാണ്. എന്റെ പ്രണയമാണ്.







# ചങ്ങലകൾ...

ചുറ്റും ഇരുട്ട് വീണു കഴിഞ്ഞിരുന്നു......, ആ അന്ധകാരത്തെ ഭേദിച്ചുകൊണ്ട് ഒരു കാൽപ്പെരുമാറ്റം ... മെഴുകുതിരിയുടെ അരണ്ട വെളിച്ചത്തിൽ അമ്മ കണ്ടു....

തന്റെ മകൻ.......

മകന്റെ മുഖത്തെ തീക്ഷ്ണത, അമ്മയുടെ ഉള്ളിൽ പേടിയായി തിളച്ചു പൊങ്ങിക്കൊണ്ടിരുന്നു. മകൻ വന്ന് എന്തൊക്കെയോ ഉച്ചത്തിൽ പറഞ്ഞിട്ട് മുറിയിൽ നിന്നും പോയി.... തന്റെ മരുമകൾ കൊണ്ടു വച്ച പാത്രത്തിലേക്ക് ആ അമ്മ നോക്കി. വക്കുപൊട്ടിയ ആ പാത്രത്തിൽ കുറച്ച് വറ്റും വെള്ളവും ...... ആർത്തിയോടെ അത് കഴിച്ച് മുറിയുടെ ഒരു മൂലയിൽ നാരുകൾ ദ്രവിച്ച ഒരു പായയിൽ ആ അമ്മ പഴയ ഓർമ്മകളുടെ മധുരം നുകർന്നു കൊണ്ട് കിടന്നു...... ഓർമ്മകൾ, അമ്മയെ യവ്വനമെന്ന വസന്തകാലത്തിലേക്ക് കൂട്ടിക്കൊണ്ട് പോയി.

വലിയൊരു വീട്ടിൽ രാഘവേട്ടനും തന്റെ മകനും ഒപ്പം സന്തോഷത്തോടെ ജീവിച്ചിരുന്ന കാലം .... ഒന്നിന് ഒരു കുറവും ഇല്ലാതെ ജീവിതം സന്തോഷത്തോടെ പോയിക്കൊണ്ടിരുന്നു. എങ്കിലും വീട്ടിൽ നിന്ന് ഇഷ്ടപ്പെട്ട ആളുടെ കൂടെ, വീട്ടുകാർ തീരുമാനിച്ചുറപ്പി കല്യാണത്തിന്റെ തലേന്ന് ഒളിച്ചോടി.... വീടിനു കുടുംബത്തിനും മാനക്കേട് ഉണ്ടാക്കിയ സാവിത്രിയെ വീട്ടുകാർ അന്നേ ഉപേക്ഷിച്ചു..... തനിക്ക് സ്വന്തമെന്ന് പറയാൻ ഇപ്പോൾ രഘു ഏട്ടനും, മോനും മാത്രമേ ഉള്ളൂ.... അങ്ങനെ ഇരിക്കെ രഘു നഗരത്തിൽ നിന്ന് ജോലി കഴിഞ്ഞു വീട്ടിലേക്കു മടങ്ങും വഴി ഇത്തിക്ക ആറ്റിൽ തോണി മറിഞ്ഞു.... യാത്രക്കാരെ രക്ഷിക്കുന്ന കൂട്ടത്തിൽ രഘു നില വിട്ട് ചുഴിയിൽ പെട്ട് മുങ്ങിത്താണു.... അന്ന് രാത്രി മുഴുവൻ രഘുവിന് രഘുവിനെ നാട്ടുകാർ തപ്പിക്കൊണ്ടിരുന്നു.... നാട്ടുകാരുടെയോ സാവിത്രിയുടെയോ മകന്റെയോ പ്രാർത്ഥനർത്ഥന ഈശ്വരൻ കേട്ടില്ല....

രഘു എല്ലാവരെയും വിട്ട് പോയി കഴിഞ്ഞിരുന്നു....

നാളുകൾ കടന്നുപോയി ഓരോ ദിവസം ചെല്ലുംന്തോറും തന്റെയും മകന്റെയും അവസ്ഥ പരിതാപകരമായിക്കൊണ്ടിരുന്നു........ അവസാനം ഉള്ളതെല്ലാം വിറ്റുപെറുക്കി നഗരത്തിൽ ഒരു ചെറിയ വീട്ടിലേക്കു താമസം മാറി .... ഉണ്ണിയെ പഠിപ്പിക്കണം ഉണ്ണിക്ക് നല്ല ആഹാരം കൊടുക്കണം, ഇത് മാത്രമായിരുന്നു സാവിത്രിയുടെ ഉള്ളിൽ.... അവൾ അതിരാവിലെ മുതൽ പല പല വീടുകളിലെ അടുക്കളയിലും പിന്നെ പല പല കമ്പനികളിലും ജോലി ചെയ്തു. തന്റെ മകനെ പഠിപ്പിച്ച് എഞ്ചിനീയർ ആക്കി... നല്ലൊരു പെൺക്കുട്ടിയെയും കണ്ടെത്തി കല്യാണവും നടത്തി. ആ അമ്മയുടെ ആയുസിന്റെ നല്ലൊരു ഭാഗം പല പല അടുക്കളയിലും ആയിത്തീർന്നു...... ഒരായുസ് മുഴുവൻ തന്റെ മകനുവേണ്ടി ജീവിച്ചു തീർത്ത ആ അമ്മക്ക് മകൻ സമ്മാനിച്ചത്, ഇരുമ്പിന്റെ ഒരു ചങ്ങലയായിരുന്നു. മകൻ വളർന്ന് വലിയ ജോലിക്കാരൻ ആയപ്പോൾ, ക്ഷീണിച്ച എല്ലുന്തിയ, കണ്ണുകളിൽ കറുപ്പ് പടർന്ന തന്റെ, അമ്മ എന്ന് പറയാൻ മകന് അറപ്പാണത്രേ.... വെറുപ്പാണത്രെ.... മകന്റെ മരുമകളുടെ കൂട്ടുകാരും വീട്ടുകാരും വരുമ്പോ അമ്മ അങ്ങോട്ട് ചെല്ലാൻ പാടില്ലത്രെ.... അങ്ങനെ അങ്ങനെ അവർ ഓരോന്നും പറഞ്ഞ് ആ അമ്മയെ ചങ്ങല എന്ന മനോഹരമായ പാദസ്വരം കൊണ്ട് വീട്ടിലെ ഇടുങ്ങിയ ഇരുട്ട് മുറിയിൽ ബന്ധിച്ചു.... ആദ്യമൊക്കെ ഇരുട്ടിനെ പേടിച്ച് ആ അമ്മ പലതും വിളിച്ചു പറഞ്ഞു കൊണ്ടിരുന്നു.... അവസാനം അതിനെ അവർ ഭ്രാന്ത് എന്ന് പറഞ്ഞ് മുദ്രയും കുത്തി.... ഇപ്പോൾ സാവിത്രിക്ക് ഒരൊറ്റ പ്രാർത്ഥന മാത്രമേയുള്ളൂ.... എന്റെ മകൻ അറിവില്ലായ്മ കൊണ്ട് ചെയ്യുന്നതാണ്... ഈശ്വരാ അങ്ങ് അവനോടു പൊറുക്കണേ.... ഈശ്വരാ അവനു നന്മ മാത്രം നൽകണേ......പ്രാർത്ഥനയിൽ മുഴുകി, ആ അമ്മ എപ്പോഴോ ഉറക്കത്തിലേക്ക് വഴുതി വീണു......



An Mariya Thankachan
B.A Malayalam



Amrutha S. Nair
M. Sc Chemistry

# നീലനിലാവ്...

നീലനിലാവ് നിറവാർന്നു നിറയുന്ന
അകലങ്ങളിൽ അവളവളെ അലയാൻ
നൂലു പൊട്ടിച്ചു വിട്ടു.
പാല പൂത്ത മണത്തിൽ
ആടിയുലഞ്ഞ ഉടയാടയിൽ പാറിപ്പറന്ന
മുടിയിഴകൾക്കിടയിൽ അവളവളെ
വീണ്ടെടുത്തു..
നീലാകാശ– പ്രതിബിംബം ഗർഭം ധരിച്ച
ആഴികളിൽ അവൾ നീന്തിത്തുടിച്ചു
അലയടിച്ച തിരകൾക്കൊപ്പം അവളും കരയെ
ചേർത്തണച്ചു....
ഒടുവിൽ അവളൊരു നീലഗ്രഹമായി
പരിണമിച്ചു....
ഓരോ പെണ്ണും കാലാകാലം ആ
നീലഗ്രഹത്തെ ഉള്ളിലാവാഹിച്ചു..





# തണൽ..

തണൽ ത്തേടിയലയുന്നു ജന്മം
വിരാമ ജ്ഞമീ മരുയാത്ര
അസ്സഹനീയം......
തണലിൻ മറവിൽ സ്വച്ഛന്ദം വിഹരിക്കുന്നു നാം.
സൗഖ്യദായകമിതനിശം
ഇതെൻ മിഥ്യയോ...?
ചിന്തനീയം...!
തണലൊരു നിഴൽ
ഉൾക്കാമ്പിനെയന്ധമാക്കി
തൻ രുപമജ്ഞമാക്കീടും
നിഴൽ...!
നമ്മെയന്വേഷിക്കാതെങ്ങനെ ജീവിക്കും
അന്യത്വം പകർത്തിയെത്രനാൾ......?
സ്വത്വമറിയാത്ത നീയെങ്ങനെ
അപരനെയറിയും വിധിക്കും...!
എണ്ണിയാലൊടുങ്ങാത്തതാം മണൽത്തരികൾ താണ്ടാനെന്നും
തണൽ തേടിയാൽ
നിൻ ജീവിതമോ ഇരുട്ടായീടും....
ജീവിതവീഥികളിൽ...
ദുർഗതനായീടും നീ....
പൊള്ളും ചൂടിൽ ദിശയറിയാതുഴറുമ്പോളാവാം തണൽ,
തേടാമതിനെച്ചേർത്തു വയ്ക്കാം
ആവുന്നതു ചെയ്യാതാലസ്യനായ്
ജീവതമരുതൻ തല്പമെത്തുവോളം
തണൽ തേടിയലഞ്ഞാൽ
ശൂന്യനായിടുമെന്നോർമ്മവേണം...!



Bismi Boby
B.Sc Mathematics



Anakha Shaji
B. Sc Chemistry





Vrindha S
B.A English





# വിശപ്പ് ...

നന്നായി ഫ്രൈ ചെയ്ത ബീഫും
കൂട്ടിനു ഐസ് ക്യൂബിനാൽ
കുളിർപ്പിച്ച ലൈം ജ്യൂയ്സും,
പിന്നെ ആവിപറക്കുന്ന നൂഡിൽസുമുണ്ടടാ
ഇതുകൂടി കഴിക്കെൻപൊന്നുണ്ണി
നിന്നമ്മ ഞാൻ നിനക്കായ് ഉണ്ടാക്കി വെച്ചിതെല്ലാം മകനേ
ബർഗറും പിസയും ബിരിയാണിയും നിറഞ്ഞൊരാ
വയറുതടവിയവൻ മൊഴിഞ്ഞു,
ഇനിയൊന്നും വേണ്ട മമ്മി എനിക്കു  വിശപ്പില്ല !
വഴിയോരങ്ങളിലായി ഒരുപാടലയുന്നു മറ്റൊരുവൻ,
ഇഃാ തളർന്നു മരച്ചോട്ടിൽ കുനിഞ്ഞിരിക്കെ,
കനിവുതോന്നി ഒരുവൻ
കൊടുത്തൊരാ റൊട്ടി തൻ
കുഞ്ഞിക്കയ്യിലേന്തി അവനോടി
തൻ കുടിലിലിലേക്കായ്....
അമ്മേ ഇതാ നോക്കു എന്നോതി
കുഞ്ഞിക്കൈയ്തന്നിലെ റൊട്ടി
അവൾക്കു നീട്ടി
ഒട്ടിയ വയറു മറച്ചു പിടിച്ചവൻ
അമ്മയെ ഊട്ടിയ്ക്കുവാനായി മൊഴിഞ്ഞു
അമ്മ കഴിക്കമ്മേ ഈ ഉണ്ണിക്കു വേണ്ട....
എന്തെന്നറിവീല  വിശപ്പില്ലെനിക്ക് !



Seetha Biju
B.A Economics



# യാത്രാവിവരണം

# മൂന്നാർ യാത്രികൻ

കേരളത്തിലെ ഇടുക്കി ജില്ലയുടെ ഭാഗമായ മൂന്നാർ കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമാണ് തെയില എസ്റ്റേറ്റ് കൊണ്ട് നിറഞ്ഞ മലമ്പ്രദേശമാണ് മൂന്നാർ. മൂന്നാറിലെ കാലാവസ്ഥയാണ് ടൂറിസ്റ്റുകളെ ആകർഷിക്കുന്നത്. തണുത്ത കാറ്റും, ചെറിയ ചാറ്റൽ മഴയും, ആകാശത്തെ പഞ്ഞിക്കെട്ടു മേഘങ്ങൾ പോലെ തണുത്ത കാറ്റിൽ പാറി തഴുകി നടക്കുന്ന തണുത്ത മഞ്ഞ്. തെയില തോട്ടത്തിന്റെ ഇടയിലൂടെയുള്ള ആ ടാറിട്ട റോഡിലൂടെ മഞ്ഞിനെ വകഞ്ഞു മാറ്റി വെട്ടമിട്ടു വരുന്ന ചെറുതും വലുതുമായ വാഹനങ്ങൾ. അതിൽ ചെറിയ വാഹനമായ കാറിൽ ഞങ്ങളായിരുന്നു. ഞങ്ങൾ താമസിക്കുന്ന വണ്ണപ്പുറം എന്ന സ്ഥലത്തു നിന്നും 6.30 ന് ഞങ്ങളുടെ പോപ്പി എന്ന് ചെല്ലപ്പേരുള്ള സ്വിഫ്റ്റ് കാറിൽ യാത്ര തുടങ്ങി. വളരെയേറെ സന്തോഷത്തോടെ ആടിപ്പാടി ആ ദിവസത്തെ യാത്ര ആരംഭിച്ചു. എന്റെ അതേ സ്വഭാവമുള്ള കസിൻസുള്ളതുകൊണ്ട് സമയം പോയതും അറിഞ്ഞില്ല. മൂന്നാർ പോകുന്ന വഴിയാണ് നേര്യമംഗലം പാലം. ഒരു അത്ഭുതകരമായ പാലം തന്നെയായിരുന്നു അത്, പാലത്തിന്റെ അടിയിലൂടെ നീളമേറിയ പുഴ ഒഴുകുന്നുണ്ടായിരുന്നു. ഇടുക്കിയുടെ മുഖച്ഛായ മാറ്റിയ പാലം. ഇടുക്കിയുടെ കവാടം എന്നൊക്കെ ഈ പാലത്തെ വിശേഷിപ്പിക്കാം ഏകദേശദേശം 85 വർഷത്തെ പഴക്കമുണ്ട് ഈ പാലത്തിന്. നേര്യമംഗലം പാലം കഴിഞ്ഞപ്പോഴാണ് നേര്യമംഗലം ഫോറസ്റ്റ് ഏരിയ എത്തിയത്. വളരെ മനോഹരവുമായ, പ്രകൃതി രമണീയവുമായ ഒരു മേഖലയായിരുന്നു അത്. മൂന്നാർ എൻട്രിയിലേക്ക് കടക്കുമ്പോഴാണ് ഞങ്ങൾ ചീയപ്പാറ വെള്ളച്ചാട്ടം കണ്ടത്. വണ്ടി ഒരു സൈഡിൽ പാർക്ക് ചെയ്തു വണ്ടിയിൽ നിന്നും ഞങ്ങൾ അഞ്ചു പേരും ഇറങ്ങി ഒരുപാട് ആളുകൾ ഉണ്ടായിരുന്നു ചീയപ്പാറ വെള്ളച്ചാട്ടത്തെ ആസ്വദിക്കാൻ. ആ വെള്ളച്ചാട്ടത്തിന്റെ അടുത്തുപോയി ഞാനും നിന്നു. കറുത്ത പാറ തൊട്ടുതലോടി ഊർന്നിറങ്ങി ആർത്തിരമ്പി നിലത്ത് പതിക്കുന്ന വെള്ളം. അതിന്റെ അടുത്ത് നിന്നപ്പോൾ തണുപ്പും, തണുത്ത കാറ്റും ദേഹത്തെ സ്പർശിച്ചു മനോഹരമായ അനുഭൂതിയായിരുന്നു അത്. അതിന്റെ തൊട്ടടുത്തു തന്നെ സ്ഥിതി ചെയ്യുന്ന മറ്റൊരു വെള്ളച്ചാട്ടമാണ് വാളറ വെള്ളച്ചാട്ടം. അതും ഞങ്ങൾക്ക് മനോഹരമായിത്തോന്നി. 10 മണിയോടെ ഞങ്ങൾ മൂന്നാറിൽ എത്തി. നല്ല വിശപ്പുള്ള സമയം ചീറി... വരെയും വരണ്ടു പോകുന്ന തണുത്ത കാറ്റ്. പോപ്പിയെ ഒഴിഞ്ഞ ഒരു സ്ഥലത്ത് പാർക്ക് ചെയ്തു തണുപ്പിനെ ചെറുക്കാനുള്ള ജാക്കറ്റും, തൊപ്പിയും വച്ച് ഞാനും കസിൻസും വണ്ടിയിൽ നിന്നും ഇറങ്ങി. കുറച്ച് നടന്ന് ആ തണുപ്പത്ത് കാഴ്ചകൾ കണ്ടു. ചായകുടിക്കാൻ ഒരു ഹോട്ടലിൽ കയറി. അവിടുത്തെ അടുക്കളയിൽ നിന്നും അധിമനോരമായ, സ്വാദിഷ്ഠമായ ഭഷണങ്ങളുടെ ഗന്ധം മൂക്കിനെ വേട്ടയാടി. കുടവയറൻ പുരി അതിന്റെ കൂടെ കറികൾ പലവിധം പൂപോലെയുള്ളയുള്ള ഇഢലി അതിന് ചട്നി, സാമ്പാർ എന്നിങ്ങനെ കറികൾ. ഞാൻ പുരിയും, വെജിറ്റമ്പിൾ കറിയും ഒരു ഓംപ്ലേറ്റും കഴിച്ചു. സ്വാദിഷ്ഠമായ ഓംപ്ലേറ്റ്, പിന്നെ കടുപ്പം കുറച്ച് മധുരം കൂടി ഒരു ചായ, നല്ല തണുപ്പായതുകൊണ്ട് വളരെ രസകരമായിരുന്ന ചൂട് ഭക്ഷണങ്ങൾ കഴിക്കാൻ. അതിന്റെ കൂടെ റേഡിയോയിൽ നിന്ന് ഒരു തമിഴ് പാട്ടും. ഐസ് ഇട്ടപോലുള്ള തണുത്തവെള്ളം, പിന്നീട് ഹോട്ടലിന്റെ അടുത്ത് തന്നെയുള്ള ഒരു ബേക്കറിയിൽ കയറി ചില്ലുകൂട്ടിൽ ഇട്ടുവച്ചിരിക്കുന്ന പലതരം കളറുകളിൽ ഉള്ള മധുരമേറിയ കേക്കുകൾ, പലതരം പലഹാരങ്ങളും കണ്ണുകൾക്ക് ഒരു കൗതുകമായി തോന്നി. ഞാൻ അതിൽ മധുരമുള്ള ഒരു വെള്ള കേക്ക് കഴിച്ചു വളരെയേറെ രുചികരം ആയിരുന്നു അത് ഞങ്ങൾ ബേക്കറിയിൽ നിന്നും ഇറങ്ങി പോപ്പിയെ പാർക്ക് ചെയ്തയിടത്തേയ്ക്ക് പോയി അവിടെ വീണ്ടും ഞങ്ങളുടെ യാത്ര ആരംഭിച്ചു. ആദ്യം പോയത് ഇരവികുളം നാഷണൽ പാർക്കിലേക്കാണ് നീലഗിരി വരയാടുകളാണ് ഈ സ്ഥലത്തെ പ്രധാനകാഴ്ച കൂടാതെ മാൻ, മയിൽ എന്നിങ്ങനെ പല ജന്തുക്കളെയും കാണാം. ഇരവികുളം നാഷണൽ പാർക്ക് സന്ദർശിക്കാനുള്ള എൻട്രി ഫീസ് 90 രൂപയായിരുന്നു. ടൂറിസ്റ്റുകളെ പാർക്കിലേക്കു കൊണ്ടുപോകാൻ ഒരു വാൻ ഉണ്ട്. മലയുടെ മുകളിലേക്ക് യാത്ര ഈ വാനിലാണ്. മുകളിൽ എത്തിയാൽ ഇവിടുത്തെ കാഴ്ചയാണ് അതിമനോഹരം. മേഘങ്ങൾ കൈകൊണ്ടു തൊടാവുന്നത്രയും അടുത്താണ്. അങ്ങനെ ഇരവികുളത്തോട് ഗുഡ് ബൈ പറഞ്ഞു മൂന്നാറിൽ ബോട്ടാണിയ്ക്കൽ ഗാർഡൻസ്, റോസ് ഗാർഡൻസ്, ഫ്ളവർഷോ എല്ലാം ഉണ്ട് പൂക്കളുടെ ഭംഗി ഞങ്ങൾ അസ്വദിച്ചു. പിന്നീട് ഞങ്ങൾ പോയത് കാർമൽഗിരി ബോട്ടാണിക്ക ഗാർഡനിലേക്കാണ്, ഇവിടെ ഒരാൾക്ക് 40 രൂപയായിരുന്നു എൻട്രിഫീസ് അവിടം വ്യത്യസ്തമായ പൂക്കളും ചെടികളും കൊണ്ട് നിറഞ്ഞിരിക്കുന്നു. ക്യാറ്റസിന്റെ ഒരുപാട് വെറൈറ്റികൾ ഉണ്ട്

Allen Johny
BA English



ഇവിടെ. ചെറിയ ചെറിയ പഴങ്ങളുള്ള ബോൺസായി മരങ്ങളും ഉണ്ട്. ആശ്ചര്യമായിരുന്നു എനിക്ക് ആ കാഴ്ച. ഇതിന്റെ തൊട്ടടുത്തായിരുന്നു എലിഫന്റ് പാർക്ക്. ആനകളെ കാണാം അതിന്റെ പുറത്ത് കേറി സാവാരി ചെയ്യാം. സവാരി ചെയ്യണമെങ്കിൽ അധികം കാശാകും. അതുകൊണ്ട് ഞങ്ങൾ കയറിയില്ല. ആനകളെ അടുത്തു നിന്നു കണ്ടു 10 രൂപയായിരുന്നു ഫീസ് പിന്നീട് ഞങ്ങൾ യാത്രക്കിടെ ഗ്രീൻ ഫീൽഡ് സ്പൈസസ് ആന്റ് ഹെർബൽ ഗാർഡൻ കണ്ടു. പിന്നീട് ഞങ്ങൾ പോയത് എക്കോ പോയിന്റിലേക്കായിരുന്നു. അവിടെ കുറെ കടകൾ ഉണ്ട്. ചോക്ലേറ്റ് ഡ്രൈഫ്രൂഡ്സ്, കുട്ടികൾക്ക് വേണ്ടിയുള്ള കളിപ്പാട്ടങ്ങൾ, അലങ്കാര വസ്തുക്കൾ ഇങ്ങനെയുള്ള സാധനങ്ങൾ വിൽക്കുന്ന കടകളായിരുന്നു. എക്കോ പോയിന്റിൽ നിന്ന് എന്തെങ്കിലും ഉച്ചത്തിൽ വിളിച്ചു പറഞ്ഞാൽ അതേപോലെ തിരിച്ച് കേൾക്കും അതായിരുന്നു അവിടത്തെ പ്രത്യേകത. ഇവിടെ ബോട്ടിംഗിനുള്ള സൗകര്യം ഉണ്ടായിരുന്നു. അടുത്തതായി ഞങ്ങൾ പോയത് കുണ്ടളയിലേക്കിലേക്കാണ് മലകൾക്ക് നടുവിലായുള്ള കുണ്ടളയിയിലെക്കുള്ളയാത്ര അനന്യമായിരുന്നു ഇവിടെയും ബോട്ടിംഗ് ഉണ്ടായിരുന്നു. ശിക്കാര വള്ളങ്ങളാണ് ഇവിടെ. ഉള്ളത് ഇവിടെ കുതിര സവാരി ,ചുറ്റിക്കറങ്ങുന്ന ബലൂൺ എന്നിവയെല്ലാം ഉണ്ടായിരുന്നു ലേക്കിനു ചുറ്റും ചുറ്റി പിണഞ്ഞു കിടക്കുന്ന തേയിലത്തോട്ടവും മനോഹരമായിരുന്നു. വെള്ളച്ചാട്ടങ്ങളുടെ ശബ്ദവും മഴയും മഞ്ഞുമൊക്കെ ചേർന്ന്

മൂന്നാർ ടൂറിസ്റ്റുകളെ വളരെയധികം സന്തോഷിപ്പിക്കും മൂന്നാറിൽ പ്രധാനപ്പെട്ട ഒരു സ്ഥലമായിരുന്നു ടീ ഫാക്ടറി പോകുന്ന വഴി. ഉതുമൽ പേട്ടയിലെ ഒരു മനോഹരമായ വെള്ളച്ചാട്ടമാണ് ലേക്കം അതുംകൂടി കണ്ട് ഞങ്ങൾ മടങ്ങി. മടങ്ങി വരുമ്പോഴും മനോഹരമായ കാഴ്ചകൾ വെറെയും ഉണ്ടായിരുന്നു. വഴിയരികിൽ ഇരിക്കുന്ന കുരങ്ങുകൾ അവയ്ക്ക് ചെറിയ രീതിയിൽ ആഹാര സാധനങ്ങൾ കൊടുക്കുന്ന ആളുകൾ. ചേട്ടന് ജോലി കിട്ടിയതിനുശേഷം ഞങ്ങൾ കസിൻസ് എല്ലാരും കുടി ആദ്യമായി പോയ ഒരു ലോങ്ങ് ട്രിപ്പായി രുന്നു ഈ യാത്ര. അതുകൊണ്ടാണ് 'മൂന്നാർ യാത്ര കൻ' എന്ന തലക്കെട്ടു നൽകിയിരിക്കുന്നത് വളരെ മനോഹരമായ യാത്ര കഴിഞ്ഞ് 7.30 രാത്രിയോടെ ഞങ്ങൾ വീട്ടിലെത്തി.







# ആരോഗ്യം: വേറിട്ട ഒരു ചിന്ത...



ശ്രീലക്ഷ്മി. എസ്
B.A English

ആരോഗ്യരംഗത്ത് മുൻനിരയിൽ നിൽക്കുന്നുവെന്നവകാശപ്പെടുന്ന നമ്മൾ രോഗങ്ങളെ പേടിച്ചോടിക്കൊണ്ടിരിക്കുകയാണ്. ഇക്കാലത്ത്, ഒരു പനി, ചുമ, ജലദോഷം, തുമ്മൽ ഇവയെല്ലാം ഭീതിയോടെയാണ് ജനങ്ങൾ വീക്ഷിക്കുന്നത്. ഏതു രോഗത്തെയും കൈകാര്യം ചെയ്യാൻ കഴിവുള്ള പഞ്ചഭൂതനിർമ്മിതമായ ശരീരത്തിന്റെ കഴിവുകളെ നാം വിസ്മരിക്കുന്നു. ഒരൊറ്റ ജീവകോശത്തിൽ നിന്ന് എല്ലും മജ്ജയും മാംസവും ത്വക്കും തലമുടിയും അടങ്ങുന്ന, എല്ലാവ്യൂഹങ്ങളുടെയും പ്രവർത്തനങ്ങൾക്ക് സജ്ജമായുള്ള പൂർണ്ണശരീരമാക്കാൻ കഴിവുള്ള നമ്മുടെ ജീവന് ഈ ശരീരത്തിലുള്ള എന്ത് ക്രമരാഹിത്യത്തെയും ശരിപ്പെടുത്താൻ കഴിയും എന്ന് നമ്മൾ ഓർക്കണം. ഈ ശരിപ്പെടുത്തലിന്റെ ഭാഗമായുള്ള ഓരോ അവസ്ഥകളാണ്. നമ്മൾ സാധാരണമായി രോഗങ്ങളെന്ന് വിളിക്കുന്ന പനി, ചുമ, ജലദോഷം, തുമ്മൽ, വയറിളക്കം തുടങ്ങിയവയെല്ലാം.

'എനിക്ക് പനി തരൂ, ഞാൻ എല്ലാ രോഗവും മാറ്റിത്തരാം.' ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവായ ഹിപ്പോക്രേറ്റസിന്റെ വാക്കുകളാണിവ. ഇക്കാലഘട്ടത്തിലെ പ്രബല ചികിത്സാരീതിയുടെ ഉപജ്ഞാതാവിന്റെ വാക്കുകൾ ഇങ്ങനെയാവുമ്പോൾ എങ്ങനെയാണ് പനിമൂലം ജീവഹാനി ഉണ്ടാവുന്നത്? വീണ്ടും ചിന്തകൾ ആഴത്തിലേക്ക് വ്യാപിപ്പിക്കുമ്പോൾ എന്താണ് പനി? അതിന്റെ സാമാന്യലക്ഷണങ്ങൾ എന്തെല്ലാമാണ്? എന്നെല്ലാം നമുക്ക് നിരീക്ഷിക്കേണ്ടിവരും.

ശരീരത്തിന്റെ ഒരു സ്വാഭാവിക പ്രതിരോധപ്രവർത്തനമാണ് പനി എന്ന് നാം മനസ്സിലാക്കിയാൽ പനിയെക്കുറിച്ചുള്ള ഭയം മനസ്സിൽ നിന്നു മായും. രോഗാണുക്കൾ , അത് എത് രോഗത്തിന്റേതുമായിക്കൊള്ളട്ടെ, ശരീരത്തിന്റെ രക്തചംക്രമണവ്യൂഹത്തിൽ കലരുമ്പോൾ അവയെ തിളപ്പിച്ച് പിരിച്ച് മാറ്റുകയാണ് പനിമൂലം ശരീരം ചെയ്യുന്നത്. അപ്പോൾ ശരീരത്തിന് പൊള്ളുന്ന ചൂട് ഉണ്ടാവും. വിശപ്പും ദാഹവും ഉണ്ടാകില്ല എന്നാൽ ക്ഷീണവുമുണ്ടാകും.

പനിമൂലമുള്ള ഊഷ്മാവ് പ്രതിരോധപ്രവർത്തനത്തിന്റെ ഭാഗമായി ശരീരം ഉണ്ടാക്കുന്നതാകുമ്പോൾ അതു കുറയ്ക്കാൻ മരുന്നുകൾ കഴിച്ച് ആ പ്രവർത്തനം തടയുന്നത് ശരിയാണോ എന്ന ചോദ്യം നമ്മിലുണരും. പനി ഒരു രോഗമല്ലേ എന്ന ചോദ്യവും ഉണ്ടാവുന്നത് സ്വാഭാവികം.

